# അടിസ്ഥാനപാഠാവലി

# മലയാളം

## 5



TB/V/2014/400(M)

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

TB/V/2014/400(m)

അടിസ്ഥാനപാഠാവലി

# മലയാളം

സ്റ്റാൻഡേർഡ്

V

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2014

IT-205/1 Malayalam 5 BT

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.

website : www.scert.kerala.gov.in
email : scertkerala@gmail.com
Phone : 0471-2341883, Fax : 0471-2341869
First Edition : 2014
Printed at : KBPS, Kakkanad, Kochi

പ്രിയ വിദ്യാർഥികളേ,

മലയാളഭാഷയുടെ മധുരം നുകരാൻ നിങ്ങൾക്കായി ഒരുക്കിയതാണ് ഈ പാഠപുസ്തകം. നമ്മുടെ മാതൃഭാഷയെ ക്ലാസിക് ഭാഷകളിൽ ഒന്നായി ഭാരതസർക്കാർ അംഗീകരിച്ചിരിക്കുകയാണല്ലോ. അറിവിന്റെ ഉയരങ്ങൾ കീഴടക്കാൻ മാതൃഭാഷയിലൂടെ നമുക്ക് കഴിയും. മലയാളത്തിന്റെ വിപുലമായ സാഹിത്യസമ്പത്ത് നിങ്ങൾക്ക് സ്വന്തമാണ്. അത് ആസ്വദിക്കാനും അതിലേക്ക് സംഭാവന ചെയ്യാനും ഒരുങ്ങിക്കൊള്ളുക.

വായിക്കാനും എഴുതാനും ഏറെ അവസരങ്ങൾ ഈ പാഠപുസ്തകം നിങ്ങൾക്ക് നൽകുന്നു. ഭാഷാപഠനം രസകരവും വിജ്ഞാനപ്രദവുമാക്കാം. നിങ്ങളുടെ ഭാവനയും ചിന്തയും ഉണരട്ടെ.

സ്നേഹാശംസകളോടെ,

പ്രൊഫ. കെ. എ. ഹാഷിം

ഡയറക്ടർ

എസ്.സി.ഇ.ആർ.ടി.

## പാഠപുസ്തക ശില്പശാലയിൽ പങ്കെടുത്തവർ

- കെ. അബ്ദുൽകരീം, ബി. ആർ. സി. സുൽത്താൻ ബത്തേരി, വയനാട്
- കെ.പി.സി. അബ്ദുൽഖാദർ, ജി. എച്ച്. എസ്. എസ്, സൗത്ത് തൃക്കരിപ്പൂർ, കാസറഗോഡ്
- കെ.എം. ഉണ്ണികൃഷ്ണൻ, ഡയറ്റ്, കണ്ണൂർ
- എബി പാപ്പച്ചൻ, എം. എസ്. എച്ച്. എസ്. എസ്. മൈനാഗപ്പള്ളി, കൊല്ലം
- പി.കെ. ജയരാജൻ, ജി. എച്ച്. എസ്. എസ്. കുണ്ടംകുഴി, കാസറഗോഡ്
- പി. പ്രേമചന്ദ്രൻ, ജി. ജി. എച്ച്. എസ്. എസ്. പയ്യന്നൂർ
- ഡോ. എം. ബാലൻ, എസ്. എസ്. എ. കേരളം, തിരുവനന്തപുരം
- കെ. മനോഹരൻ, എ. യു. പി. എസ്. പുലാശ്ശേരിക്കര, പാലക്കാട്
- എൻ. മുഹമ്മദ് സാലി, ജി. എച്ച്. എസ്. എസ്. മീനങ്ങാടി, വയനാട്
- മുഹമ്മദ് സിയ, ജി. യു. പി. എസ്. പൈമറ്റം, കോതമംഗലം, എറണാകുളം
- പി. യഹിയ, ജി. വി. എച്ച്. എസ്. എസ്. പയ്യാനക്കൽ, കോഴിക്കോട്
- ആർ.പി. ശിവകുമാർ, എസ്. ആർ. വി. ഗവ. മോഡൽ എച്ച്. എസ്, എറണാകുളം
- എ. സജീവൻ, ഗവ. എച്ച്. എസ്. എസ്. വളയം, വടകര
- ഹസീന എസ്. കാനം, ജി. എച്ച്. എസ്. എസ്. കൊച്ചാനൂർ, തൃശ്ശൂർ
- കെ.ബി. ഹൃഷികേശ്, സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്

## ചിത്രരചന

- ജനു മഞ്ചേരി
- പി. രമേശൻ, ഇരിങ്ങണ്ണൂർ എച്ച്. എസ്. എസ്, വടകര
- എൻ.ടി. രാജീവ്, ജി. എച്ച്. എസ്. എസ്. തരിയോട്, വയനാട്
- സന്തോഷ് വെളിയന്നൂർ
- സുരേഷ് ചാലിയത്ത്, ജി. എച്ച്. എസ്. കുറുക, മലപ്പുറം

## വിദഗ്ധപരിശോധന

- ഡോ. ജോർജ് ഓണക്കൂർ, മുൻ ഡയറക്ടർ, സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്.
- ഡോ. ഡി. ബഞ്ചമിൻ, റിട്ട. പ്രൊഫസർ, കേരളസർവകലാശാല
- ഡോ. പി. സോമനാഥൻ , അസി. പ്രൊഫസർ, കോഴിക്കോട് സർവകലാശാല
- ഡോ. ബി.വി. ശശികുമാർ, അസോ. പ്രൊഫസർ, കേരളസർവകലാശാല
- ഡോ. വിജയൻ ചാലോട്, എസ്. എസ്. എ. കണ്ണൂർ
- ശ്രീ. പി. നാരായണമേനോൻ, റിട്ട. പ്രൊഫസർ, കേരളവർമ കോളേജ്, തൃശ്ശൂർ
- ശ്രീ. അക്ബർ കക്കട്ടിൽ, വൈസ് പ്രസിഡന്റ്, കേരള സാഹിത്യ അക്കാദമി
- ശ്രീ. ബി. രാമചന്ദ്രൻപിള്ള, റിട്ട. പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

- ഡോ. പി.കെ. തിലക്, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

# ഉള്ളടക്കം


1. **വിശ്വവിദ്യാലയം** 7

   വൃക്ഷത്തെ സ്നേഹിച്ച ബാലൻ ........ 8

   കിളിനോട്ടം ........ 15

   എന്റെ വിദ്യാലയം ........ 19

2. **പ്രകാശം പരത്തുന്നവർ** 25

   മരണമില്ലാത്ത മനുഷ്യൻ ........ 26

   കണ്ടാലറിയാത്തത് ........ 31

   ഗുരുപ്രസാദം ........ 36

3. **നിറഭേദങ്ങൾ** 46

   മഴവില്ല് വരയ്ക്കുന്നവർ ........ 47

   വിഷുക്കണി ........ 54

   എങ്ങുപോയി? ........ 59




1

# വിശ്വവിദ്യാലയം

**മരങ്ങൾ നട്ട മനുഷ്യൻ**
ജീൻ ഗിയാനോ



ആൽപ്സ് പർവതത്തിന്റെ താഴ്‌വാരത്തിലെ വരണ്ടുണങ്ങിയ, വിജനമായ ഒരു മരുപ്രദേശം മുഴുവൻ വിത്തു നട്ട് കാടാക്കി മാറ്റിയ ഒരു ആട്ടിടയനെക്കുറിച്ചുള്ള പുസ്തകത്തിന്റെ പുറംചട്ടയാണിത്. മരങ്ങൾ നട്ട ആരെക്കുറിച്ചെങ്കിലും ഒരു കഥ പറയാമോ?



# വൃക്ഷത്തെ സ്നേഹിച്ച ബാലൻ

ബാലചന്ദ്രൻ എന്റെ അനുജന്റെ മകനാണ്. കുട്ടിക്കാലം തുടങ്ങി വൃക്ഷങ്ങളോടും ചെടികളോടുമെല്ലാം അവനു വളരെ വാത്സല്യമായിരുന്നു. തറയിൽ എന്തെങ്കിലും മുളച്ചുവരുന്നത് കണ്ടാൽ വളരെനേരം അവനതു സൂക്ഷിച്ചുനോക്കിക്കൊണ്ടു നിൽക്കും. ഏതോ ഒരു വലിയ ശാസ്ത്രതത്ത്വം കണ്ടുപിടിക്കാൻ ശ്രമിക്കുന്നതുപോലെ.

ഒരു ദിവസം കാലത്ത് ഞാൻ പത്രം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഏതോ ഒരു പ്രധാന വാർത്തയിൽ എന്റെ മനസ്സ് ഏകാഗ്രമായി നിൽക്കുകയാണ്. ബാലചന്ദ്രൻ ഓടി വന്ന്, കൈക്കു പിടിച്ച് എന്നെ തോട്ടത്തിലേക്കു കൊണ്ടുപോയി. അവിടെ ഒരു ചെറിയ വൃക്ഷം ചൂണ്ടിക്കാണിച്ചുകൊണ്ട് എന്നോടു ചോദിച്ചു:

"വല്യച്ഛാ, ആ മരത്തിന്റെ പേരെന്താണ്?"

ഞാൻ നോക്കിയപ്പോൾ കാണുന്നത് ചെറിയ ഒരു ഇലവുമരം തോട്ടത്തിലെ നടപ്പാതയുടെ നടുവിലായി വളർന്നുവരുന്നതാണ്. ബാലചന്ദ്രൻ തെറ്റിദ്ധരിച്ചാണ് എന്നെ അങ്ങോട്ടു വിളിച്ചുകൊണ്ടുപോയതെന്ന് ആദ്യം ഞാൻ സംശയിച്ചു. അതു ശരിയല്ല.

ആ ചെറിയ മരം മുളച്ചുവന്ന കാലം മുതൽ അവൻ അതിൽ ശ്രദ്ധിക്കുകയായിരുന്നു. കുട്ടികൾ സംസാരിച്ചു തുടങ്ങുമ്പോൾ അമ്മമാർക്കുണ്ടാകുന്ന സന്തോഷമാണ്, അതിന് ഇലകൾ വന്നപ്പോൾ അവനുണ്ടായത്. പിറ്റേ ദിവസം മുതൽ കാലത്തും വൈകുന്നേരവും അവൻ തന്നെ പോയി അതിനു വെള്ളമൊഴിക്കും. എത്രത്തോളം വളരുന്നുവെന്ന് ദിവസവും പോയി

നോക്കും. ഇലവുവൃക്ഷം വളരെ വേഗത്തിൽ വളർന്നു പൊങ്ങുന്നു. എന്നിട്ടും ബാലചന്ദ്രന്റെ ആഗ്രഹത്തിനനുസരിച്ച് അതിനു വളരാൻ കഴിയുന്നില്ല. കുറേശ്ശെ ഇലകളും കൊമ്പുകളും വന്ന് രണ്ടുമൂന്നടി പൊക്കം വച്ചപ്പോൾ അവന്റെ അദ്ഭുതം പറഞ്ഞറിയിക്കാൻ പ്രയാസം. അൽപ്പം അകന്നുനിന്നു നോക്കി പുഞ്ചിരിച്ചുകൊണ്ട് കൂടക്കൂടെ അവൻ പറയും:

"ഹാ, എന്തു ഭംഗിയുള്ള മരം." കുട്ടിയുടെ ബുദ്ധി വികസിക്കുന്നതു കണ്ട് അമ്മ ആശ്ചര്യപ്പെടുന്നതു പോലെ. ഇലവുമരം കണ്ടിട്ട് ഞാനും അദ്ഭുതപ്പെട്ടു നിൽക്കുമെന്നാണ് അവൻ വിചാരിച്ചത്. ഞാൻ പറഞ്ഞു: "അത് ശരി! അതു വെട്ടിക്കളയാൻ തോട്ടക്കാരനെ ഏർപ്പാടു ചെയ്യാം."

ബാലചന്ദ്രൻ ഞെട്ടിപ്പോയി. അവൻ സങ്കടപ്പെട്ടു പറഞ്ഞു:

"എന്തു കഷ്ടമാണു വല്യച്ഛാ! ആ മരം വെട്ടിക്കളയരുതെന്ന് ഞാൻ കാലുപിടിച്ചപേക്ഷിക്കയാണ്."

"കുഞ്ഞേ, നീ പറയുന്നതു ശരിയല്ല. ഒന്നാമത് വഴിയുടെ നടുക്കാണ് ആ മരം നിൽക്കുന്നത്. വളർന്നു വലുതായാൽ അതിന്റെ കായ്കൾ പൊട്ടിത്തെറിച്ച് പഞ്ഞി നാലു ചുറ്റും പറന്നു നടക്കും. അതെല്ലാവർക്കും ശല്യമായിത്തീരും."



എന്റെ അടുത്തു കാര്യം പറ്റുന്നില്ല എന്നു കണ്ടപ്പോൾ അവൻ വല്യമ്മയുടെ അടുത്തേക്ക് ഓടിപ്പോയി.

വല്യമ്മയ്ക്കു മക്കളില്ല. അവന് അമ്മയുമില്ല. അതുകൊണ്ട് വല്യമ്മയുടെ മകനായിട്ടാണ് അവനിവിടെ വളരുന്നത്. അവരുടെ മടിയിൽ കയറി കഴുത്തിൽ കെട്ടിപ്പിടിച്ചിരുന്നുകൊണ്ട് അവൻ പറഞ്ഞു:

"വല്യമ്മേ, വല്യച്ഛനോടു പറയണം, ആ ഇലവുമരം വെട്ടിക്കളയരുതെന്ന്." പണി ഏതായാലും പറ്റി.

വല്യമ്മ വല്യച്ഛനെ വിളിച്ച് ആജ്ഞാപിച്ചു:

"ഹേ! കേട്ടോ! ആ ഇലവുമരം വെട്ടിക്കളയരുത്. അതവിടെ നിൽക്കട്ടെ." മരം വെട്ടിയില്ല. അതവിടെത്തന്നെ കുറേനാൾകൂടി നിന്നു. ബാലചന്ദ്രൻ കാണിച്ചുതന്നില്ലെങ്കിൽ ഒരുപക്ഷേ, ഞാനതു ശ്രദ്ധിക്കുകയില്ലായിരുന്നു.

അനുജന്റെ ഭാര്യ മരിക്കുമ്പോൾ ബാലചന്ദ്രൻ കൈക്കുഞ്ഞായിരുന്നു. അവൾ മരിച്ചതോടുകൂടി ദുഃഖം സഹിക്കാനാവാതെ അനുജൻ സ്ഥലം വിട്ടുപോവാൻ തീർച്ചപ്പെടുത്തി. എൻജിനീയറിങ് പഠിക്കാൻ ഇംഗ്ലണ്ടിലേക്കാണു പോയത്. അന്നുമുതൽ അവന്റെ കുട്ടി എന്റെ വീട്ടിൽ വന്ന് വല്യമ്മയുടെ മടിയിൽ സ്ഥാനം പിടിച്ചു.

പത്തുകൊല്ലം കഴിഞ്ഞ് അനുജൻ മടങ്ങി വന്നു. ബാലചന്ദ്രനെയും ഇംഗ്ലണ്ടിലേക്കയയ്ക്കണമെന്ന് അവൻ തീർച്ചപ്പെടുത്തി. അതിന്റെ പ്രാരംഭമായി പരിശീലനത്തിനുവേണ്ടി കുറേനാൾ അവനെ സിംലയിൽ താമസിപ്പിക്കണം. അതു കഴിഞ്ഞ് ലണ്ടനിലേക്കു കപ്പൽ കയറും.

വല്യമ്മയുടെ അടുത്തുനിന്നു വിമ്മിവിമ്മി കരഞ്ഞുകൊണ്ടാണ് ബാലചന്ദ്രൻ അവന്റെ അച്ഛനോടുകൂടി സിംലയ്ക്കു പോയത്. അവന്റെ വേർപാടോടെ ഞങ്ങളുടെ വീട് ഉറങ്ങിപ്പോയി.

ഇലവുമരം വീണ്ടും വളർന്നു വലുതായി. അതിന്റെ കായ്കൾ വിളഞ്ഞു പൊട്ടി നാലുചുറ്റും പഞ്ഞി പറന്നു. എല്ലാവർക്കും അതൊരുപദ്രവമായി ത്തീർന്നു. പോകുന്നവരും വരുന്നവരുമെല്ലാം ഇതെന്തിനിങ്ങനെ നിർത്തിയിരിക്കുന്നു എന്ന് എന്നോടു ചോദിക്കും. ഉപദ്രവം സഹിക്കാൻ വയ്യാതായപ്പോൾ അതു വെട്ടിമുറിച്ചു കളയാൻ ഞാൻ ഏർപ്പാടു ചെയ്തു.

കുറേദിവസം കഴിഞ്ഞ് സിംലയിൽനിന്ന് ബാലചന്ദ്രന്റെ ഒരു കത്ത് അവന്റെ വല്യമ്മയ്ക്കു കിട്ടി. സ്വന്തം കൈപ്പടയിലാണു കത്തെഴുതിയിരിക്കുന്നത്. "എനിക്ക് ഇലവുമരത്തിന്റെ ഒരു ഫോട്ടോ എടുത്തയച്ചുതരണം." ഇതാണു കത്തിലെ ഉള്ളടക്കം.

ബിലാത്തിക്കു പോകുന്നതിനു മുമ്പായി വല്യമ്മയുടെ അടുത്തുവന്ന് യാത്ര ചോദിക്കണമെന്ന് അവന് ആഗ്രഹമുണ്ടായിരുന്നു. ഇലവുമരവും ഒന്നു കാണണം. രണ്ടും സാധിച്ചില്ല. അതുകൊണ്ടാണ് തന്റെ കൂട്ടുകാ

രന്റെ ഫോട്ടോ എടുത്തയയ്ക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. അതു കൂടി ബിലാത്തിക്കു കൊണ്ടുപോകണം. അവൾ എന്നെ വിളിച്ചു പറഞ്ഞു:

"ഹാ കേട്ടോ! ഒരു ഫോട്ടോഗ്രാഫറെ വിളിച്ചുകൊണ്ടു വരണം. ഇപ്പോൾ തന്നെ വേണം."

ഞാൻ ചോദിച്ചു:

"ഉം, എന്തിന്?"



ബാലചന്ദ്രന്റെ കത്ത് വായിച്ചുനോക്കുന്നതിനുവേണ്ടി അവൾ എന്റെ കൈവശം തന്നു. കത്തു വായിച്ചശേഷം ഞാൻ പറഞ്ഞു: "ഓ, ആ ഇലവുമരം മുറിച്ചുകളഞ്ഞിട്ട് ദിവസങ്ങൾ എത്രയോ കഴിഞ്ഞു."

അവന്റെ വല്യമ്മ രണ്ടു ദിവസം ആഹാരം കഴിച്ചില്ല. കുറേദിവസത്തേക്ക് എന്നോട് ഒന്നും മിണ്ടിയതുമില്ല.


ബാലചന്ദ്രനെ അവന്റെ അച്ഛൻ കൈയിൽ എടുത്തുകൊണ്ടു വന്ന ദിവസവും തന്റെ അടുത്തുനിന്ന് അവനെ അപഹരിച്ചുകൊണ്ടുപോയ ദിവസവും അവൾ ഓർത്തിട്ടുണ്ടാവാം. അന്ന് അവൾക്കൊന്നും പറയാൻ കഴിഞ്ഞില്ല. ഇപ്പോൾ ഇതാ, വല്യച്ഛൻ അവന് ഏറ്റവും ഇഷ്ടപ്പെട്ട മരവും മുറിച്ചുകളഞ്ഞിരിക്കുന്നു. ജീവിതം മുഴുവൻ അവൾക്ക് മറക്കാൻ കഴിയാത്ത സംഭവങ്ങളാണിവ. അവളുടെ ജീവിതത്തിന്റെ ലക്ഷ്യം തകർന്നുപോയിരിക്കുന്നു.

- രവീന്ദ്രനാഥ ടാഗോർ

### വായിക്കാം കണ്ടെത്താം

- വല്യച്ഛൻ എന്തു പറഞ്ഞപ്പോഴാണ് ബാലചന്ദ്രൻ ഞെട്ടിപ്പോയത്? അതിന്റെ കാരണം എന്തായിരിക്കും?
- വല്യച്ഛൻ ഇലവുമരം മുറിക്കാൻ തീരുമാനമെടുത്തതെന്തുകൊണ്ട്?
- തന്റെ ജീവിതലക്ഷ്യം തകർന്നുപോയതായി വല്യമ്മയ്ക്ക് തോന്നാൻ കാരണമെന്ത്?
- ഒരമ്മ പെറ്റ മക്കളെപ്പോലെയാണ് ഇലവുമരവും ബാലചന്ദ്രനും വളർന്നത് എന്നതിന്റെ എന്തെല്ലാം സൂചനകളാണ് പാഠഭാഗത്തുള്ളത്? കണ്ടെത്തി എഴുതുക.
- ഇലവുമരം മുളപൊട്ടി വളരുന്നതിന്റെ ആനന്ദം ബാലചന്ദ്രൻ ആസ്വദിക്കുന്നത് നിങ്ങൾ വായിച്ചു മനസ്സിലാക്കിയല്ലോ. അത് അവതരിപ്പിക്കുന്നതിന് കഥാകാരൻ ഉപയോഗിച്ച സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തൂ.

ബാലചന്ദ്രന്റെ എന്തെല്ലാം സ്വഭാവസവിശേഷതകളാണ് നിങ്ങളെ ഏറെ ആകർഷിച്ചത്? അവ എഴുതിനോക്കൂ.




- ഗ്രൂപ്പിൽ വായിച്ചവതരിപ്പിച്ച് കഥാപാത്രനിരൂപണം തയാറാക്കൂ.

## അവർ പറഞ്ഞതുപോലെ നിങ്ങൾക്കും പറയാമോ?

- "എന്തു കഷ്ടമാണ് വല്യച്ഛാ! ആ മരം വെട്ടിക്കളയരുതെന്ന്, ഞാൻ കാലുപിടിച്ചപേക്ഷിക്കയാണ്."
- "കുഞ്ഞേ, നീ പറയുന്നത് ശരിയല്ല. ഒന്നാമത് വഴിയുടെ നടുക്കാണ് ആ മരം നിൽക്കുന്നത്. വളർന്നു വലുതായാൽ അതിന്റെ കായ്കൾ പൊട്ടിത്തെറിച്ച് പഞ്ഞി നാലുചുറ്റും പറന്നുനടക്കും. അതെല്ലാവർക്കും ശല്യമായിത്തീരും."
- "വല്യമ്മേ, വല്യച്ഛനോട് പറയണം, ആ ഇലവുമരം വെട്ടിക്കളയരുതെന്ന്."
- "ഹേ, കേട്ടോ! ആ ഇലവുമരം വെട്ടിക്കളയരുത്. അതവിടെ നിൽക്കട്ടെ."

## കഥയിലെ സംഭവങ്ങൾ സംഭാഷണത്തിലൂടെ അവതരിപ്പിക്കാം

- ഏതൊക്കെ രംഗങ്ങൾ?
- രംഗങ്ങളിൽ ആരൊക്കെയാണ് ഉള്ളത് ?


- ഒരാളുടെ സംഭാഷണത്തോടും പെരുമാറ്റത്തോടുമുള്ള മറ്റുള്ളവരുടെ പ്രതികരണം എന്തായിരിക്കും?

തുടങ്ങിയ കാര്യങ്ങൾ ആലോചിക്കുമല്ലോ. എല്ലാം ചേർത്ത് നാടകരൂപത്തിൽ ക്ലാസിൽ അവതരിപ്പിക്കാം.

"കുറേ ദിവസം കഴിഞ്ഞ് സിംലയിൽനിന്ന് ബാലചന്ദ്രന്റെ ഒരു കത്ത് അവന്റെ വല്യമ്മയ്ക്കു കിട്ടി."
ഇലവുമരത്തിന്റെ കാര്യം കൂടാതെ ബാലചന്ദ്രന് വല്യമ്മയോട് എന്തൊക്കെ കാര്യങ്ങളാണ് ചോദിച്ചറിയാനുണ്ടാവുക?
കത്ത് എഴുതിനോക്കൂ.

ഒരു മരം വെട്ടുന്ന കാര്യത്തിനപ്പുറം ഈ പാഠഭാഗം നിങ്ങളുടെ മനസ്സിനെ സ്പർശിച്ചതെങ്ങനെ? ക്ലാസിൽ ചർച്ചചെയ്ത് എഴുതിനോക്കൂ.

# കിളിനോട്ടം



പ്രിയപ്പെട്ട കൂട്ടുകാരേ,

ഈ കത്ത് നിങ്ങൾക്ക് കിട്ടുമ്പോഴേക്ക് പരീക്ഷച്ചൂടെല്ലാം അടങ്ങിയിരിക്കും. എങ്കിലും മീനച്ചൂടാണ്. ഈയാണ്ട് മാവിലൊക്കെ മാങ്ങ പിടിച്ചിട്ടുണ്ടെങ്കിലും മാമ്പഴക്കാലം വരുന്നതേയുള്ളൂ. ഇത്തവണ നമുക്ക് കുറച്ച് പക്ഷിനോട്ടം ആയാലോ? പക്ഷിനിരീക്ഷണം എന്നതാണ് ശരിയായ വാക്ക് എന്നറിയാഞ്ഞിട്ടല്ല. പക്ഷേ, ആദ്യം നമുക്ക് വെറും നോട്ടം മതി. നോക്കിക്കണ്ടിട്ടാകാം ശ്രദ്ധിച്ചു നിരീക്ഷിക്കലും നോട്ട് കുറിക്കലുമൊക്കെ.

തുടക്കം ഇങ്ങനെയാകാം. പ്രഭാതത്തിൽ ഉണർന്നുകിടന്ന് ചെവിയോർക്കുക. ഏതൊക്കെ കിളികളുടെ ശബ്ദങ്ങൾ കേൾക്കാം? കാക്കയായിരിക്കും ആദ്യത്തെ ലഹളക്കാരൻ, പാട്ടുകാരൻ. അതോ പൂവൻകോഴിയോ? മധുരമധുരമായി കേൾക്കുന്ന ആ കളനാദം ആരുടേതാണ്? ഏതു കിളിയാണത്? പതുക്കെ മുറ്റത്തിറങ്ങി മരച്ചില്ലകളിലേക്കു നോക്കുക. പുലരിയെ എതിരേൽക്കുന്ന ഒരുപാടു പേരെ നിങ്ങൾക്കവിടെ കാണാൻ

കഴിയും. പുള്ളിചിറകുള്ളവർ മാത്രമല്ല, പൂക്കുലവാലുള്ളവരും അവിടെ ഉത്സാഹത്തോടെ തിമർക്കുന്നുണ്ടാവും. ഓരോരുത്തരെയും നോക്കിക്കാണുക. അവരുടെ ശബ്ദങ്ങൾ തിരിച്ചറിയാൻ ശ്രമിക്കുക. ആദ്യപാഠം അത്രയും മതിയാകും.

എന്റെ കുട്ടിക്കാലത്ത് തിരുവനന്തപുരത്ത് വഴുതക്കാട്ടുള്ള ഒരു പഴയ വീട്ടിൽ ഞങ്ങൾ ഏറെ വർഷങ്ങൾ താമസിച്ചിരുന്നു. വലിയ മുറ്റമായിരുന്നു അവിടത്തെ പ്രത്യേക സൗഭാഗ്യം. നിറയെ മരങ്ങളും ചെടികളും. മതിലരികിൽ പൂത്തുലയുന്ന ചെമ്പരത്തികൾ, മുല്ലവള്ളികൾ. എന്തു രസമായിരുന്നു അവിടെ കളിച്ചു നടക്കാൻ! ഒരു പുലരിയിൽ അതിമനോഹരമായൊരു കിളിപ്പാട്ടു കേട്ട് എന്റെ ചേച്ചിയും ഞാനും അതിന്റെ ഉദ്ഭവസ്ഥാനം തിരഞ്ഞുനടന്നു കണ്ടുപിടിച്ചു.

അത്ര വലുതൊന്നുമല്ലാത്ത ഒരു കോട്ടൺ ചെടിയുടെ, നിറമുള്ള ഇലച്ചാർത്തുകൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന ഒരു കുഞ്ഞിക്കൂട്.



ഞങ്ങളെ കണ്ടാകാം, അതിൽനിന്ന് കറുത്ത തൊപ്പിക്കാരൻ ചെറുകിളി പെട്ടെന്ന് പറന്നുപോയി.

പിന്നീട് നോക്കി നോക്കി ഞങ്ങൾ ആ കൂട്ടിൽ രണ്ടു കിളികളുണ്ടെന്നും അവരുടെ പേര് ബുൾബുൾ എന്നാണെന്നും മലയാളത്തിൽ ഇരട്ടത്തലച്ചി എന്നു വിളിക്കുമെന്നുമൊക്കെ മനസ്സിലാക്കി. പതുങ്ങിപ്പതുങ്ങി ചെന്ന് ആ കൂട്ടിനുള്ളിൽ നോക്കലും പതിവായി. ഒരു ദിവസം അതാ, പഞ്ഞിയും നാരുകളും കൊണ്ട് ഭംഗിയിൽ പണിഞ്ഞ ആ കൂട്ടിനുള്ളിൽ രണ്ടു മുട്ടകൾ...! കിളികൾ മാറിമാറി അവിടെ കാവലിരിപ്പാണെങ്കിലും ഞങ്ങൾ രണ്ടു കൊച്ചു പെൺകുട്ടികൾ അപകടകാരികളല്ല, കൂട്ടുകാരികളാണ് എന്ന് അവർ തിരിച്ചറിഞ്ഞു കാണും. പിന്നെപ്പിന്നെ ആ മുട്ടകൾ വിരിഞ്ഞു. കുഞ്ഞുങ്ങൾ പുറത്തു വന്നു. കൂട്ടിലാരുമില്ലെങ്കിൽ അവ മിണ്ടാതിരിക്കും. അച്ഛൻ കിളിയും അമ്മക്കിളിയും തീറ്റതേടിക്കൊണ്ടുവന്ന് കുഞ്ഞുചുണ്ടുകൾക്കുള്ളിൽ വച്ചുകൊടുക്കുന്നത് ഞങ്ങൾ ആഹ്ലാദത്തോടെ കണ്ടു നിന്നു.



ആ വഴിയെങ്ങാനും ഒരു പൂച്ചയോ മറ്റോ പോയാൽ അവർ പുറപ്പെടുവിക്കുന്ന അപകടശബ്ദം ഞങ്ങൾ തിരിച്ചറിഞ്ഞു. എന്നും പുലരിയിൽ അവരുടെ മധുരമായ പാട്ടു കേട്ടു.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ അച്ഛനമ്മമാർ കുഞ്ഞിക്കിളികളെ കൂട്ടിൽ നിന്നിറക്കി പറക്കാൻ പഠിപ്പിക്കുന്നതു കണ്ടു. എന്തൊരു രസമായിരുന്നു ആ കാഴ്ച! കുഞ്ഞുങ്ങൾ കുറേശ്ശെ പറന്ന് ചെടിച്ചില്ലകളിലെല്ലാം വന്നു തത്തിയിരിക്കുന്നതും അമ്മക്കിളിയുടെയും അച്ഛൻകിളിയുടെയും വേവലാതിയും ഞങ്ങൾ കണ്ടു രസിച്ചു.

ദിവസങ്ങൾ ചിലത് കഴിഞ്ഞു. ഒരു പുലരിയിൽ പതിവുള്ള കളഗാനം കേൾക്കാഞ്ഞ് ഓടിച്ചെന്ന് നോക്കിയപ്പോൾ കൂട് ഒഴിഞ്ഞുകിടക്കുന്നു. പറക്കമുറ്റിയ മക്കളുമായി അവർ വീടു മാറി പൊയ്ക്കഴിഞ്ഞിരിക്കുന്നു!

ഞങ്ങൾക്ക് സങ്കടമായി. എങ്കിലും പിറ്റേവർഷവും അവർ അതേ ചെടിയിൽ കൂടുകൂട്ടാൻ വന്നു. പിന്നെയും പല വർഷങ്ങൾ അതാവർത്തിച്ചു. ആ കൊച്ചു ബുൾബുൾ കുടുംബം എന്റെ കുട്ടിക്കാലത്തിന് എന്തൊരു സൗഭാഗ്യമായിരുന്നു എന്ന് ഇന്ന് ഞാനറിയുന്നു.

കിളികളെ പരിചയപ്പെടുക, ഇഷ്ടപ്പെടുക. അവർ ചിറകുള്ള കൊച്ചു ദേവതകളാണ്. അവരെപ്പറ്റി വീണ്ടും എഴുതാം. അറിവുള്ളവരെക്കൊണ്ട് എഴുതിക്കാം.



സ്നേഹത്തോടെ,

സുഗതകുമാരി

### വായിക്കാം കണ്ടെത്താം

- പക്ഷിനോട്ടത്തിന്റെ ആദ്യപാഠങ്ങൾ എന്തൊക്കെയാണ്?
- "എന്തൊരു രസമായിരുന്നു ആ കാഴ്ച?" ഏതിനെക്കുറിച്ചാണ് സുഗതകുമാരി ഇങ്ങനെ പറയുന്നത്?
- "ഞങ്ങൾക്ക് സങ്കടമായി"- സങ്കടത്തിനുള്ള കാരണമെന്താണ്?

"ഒരു പുലരിയിൽ അതിമനോഹരമായൊരു കിളിപ്പാട്ടു കേട്ട് എന്റെ ചേച്ചിയും ഞാനും അതിന്റെ ഉദ്ഭവസ്ഥാനം തിരഞ്ഞുനടന്നു കണ്ടുപിടിച്ചു. അത്ര വലുതൊന്നുമല്ലാത്ത ഒരു കോട്ടൺ ചെടിയുടെ നിറമുള്ള ഇലച്ചാർത്തുകൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന ഒരു കുഞ്ഞിക്കൂട്."

- അവിടെ കണ്ട കാഴ്ചകൾ
- കേട്ട കാര്യങ്ങൾ

എന്നിവ ഉൾപ്പെടുത്തി ഒരു വർണന തയാറാക്കൂ.


"ആ കൊച്ചു ബുൾബുൾ കുടുംബം എന്റെ കുട്ടിക്കാലത്തിന് എന്തൊരു സൗഭാഗ്യമായിരുന്നു എന്ന് ഇന്ന് ഞാനറിയുന്നു." കവയിത്രി ഇങ്ങനെ ചിന്തിക്കാൻ എന്തായിരിക്കാം കാരണം?

നിങ്ങളുടെ അഭിപ്രായം സുഹൃത്തുമായി ചർച്ചചെയ്ത് അവതരിപ്പിക്കൂ.

സുഗതകുമാരി കണ്ട കിളിക്കൂട് ഒരു സ്നേഹക്കൂട് തന്നെയാണ്. ഇതുപോലെ മനോഹരമായ എന്തൊക്കെ കാഴ്ചകളാണ് പ്രകൃതി നമുക്കു മുന്നിൽ ഒരുക്കുന്നത്?

നിങ്ങളുടെ മനസ്സിനെ സ്പർശിച്ച ഏതെങ്കിലും ഒരനുഭവത്തെക്കുറിച്ച് കുറിപ്പു തയാറാക്കൂ.

# എന്റെ വിദ്യാലയം



തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ ചിന്നും
തുംഗമാം വാനിൻചോട്ടിലാണെന്റെ വിദ്യാലയം
ഇന്നലെക്കണ്ണീർ വാർത്തു കരഞ്ഞ കരിവാന-
മിന്നതാ ചിരിക്കുന്നു, പാലൊളി ചിതറുന്നു.
"മുൾച്ചെടിത്തലപ്പത്തും പുഞ്ചിരിവിരിയാറു"
ണ്ടച്ചെറുപൂന്തോപ്പിലെപ്പനിനീരുരയ്ക്കുന്നു.
മധുവിൻ മത്താൽപ്പാറി മൂളുന്നു മധുപങ്ങൾ:
"മധുരമിജ്ജീവിതം ചെറുതാണെന്നാകിലും."
പരർതൻ കഷ്ടപ്പാടു പേറുമക്കല്ലത്താണി
പറവൂ മഹത്തത്ത്വം: "പരസേവനം കാര്യം"
ആരല്ലെൻ ഗുരുനാഥ, രാരല്ലെൻ ഗുരുനാഥർ?
പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടേന്തോ!

(ജാലകപ്പക്ഷി) -ഒളപ്പമണ്ണ

## വായിക്കാം കണ്ടെത്താം

- "തുംഗമാം വാനിൻചോട്ടിലാണെന്റെ വിദ്യാലയം."
  ഈ വിദ്യാലയത്തിലെ ഗുരുനാഥർ ആരൊക്കെയാണ്?
  അവർ ഓരോരുത്തരും നമ്മെ പഠിപ്പിക്കുന്നതെന്തൊക്കെയാണ്?
- പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളെ കവി എങ്ങനെയൊക്കെയാണ് അവതരിപ്പിക്കുന്നത്?

ഈ വിദ്യാലയത്തെക്കുറിച്ച് നിങ്ങൾ എന്തെല്ലാം പറയും? ചർച്ചചെയ്ത് ലഘു ഉപന്യാസം തയാറാക്കൂ.




കവിതയിലെ ചില വരികൾ ഒന്നുകൂടി വായിക്കൂ.

- "തുംഗമാം വാനിൻചോട്ടിലാണെന്റെ വിദ്യാലയം"
- "മുൾച്ചെടിത്തലപ്പത്തും പുഞ്ചിരിവിരിയാറുണ്ട്"
- "മധുരമിജ്ജീവിതം ചെറുതാണെന്നാകിലും"

- വലിയ ചില ആശയങ്ങളെക്കുറിച്ചുള്ള സൂചനകൾ ഈ വരികളിലില്ലേ? ചെറു സംഘങ്ങളായി ചർച്ചചെയ്യൂ. കണ്ടെത്തിയവ കുറിപ്പായി എഴുതൂ.

"പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടെന്തോ!"

- എന്തൊക്കെയാണ് പഠിപ്പിക്കുന്നത്?
- എങ്ങനെയൊക്കെയാണ് പഠിപ്പിക്കുന്നത്?

സംഘമായി ആലോചിക്കൂ. കണ്ടെത്തിയ കാര്യങ്ങൾ പ്രസംഗമായി അവതരിപ്പിക്കൂ.

നമുക്കു ചുറ്റും കാണുന്ന പുൽകളും പുഴുക്കളും കിളികളും പൂമരങ്ങളും എല്ലാം നമുക്കാരൊക്കെയോ ആകുമ്പോഴാണ് നമ്മളും പ്രകൃതിയും ഒന്നായിമാറുന്നത്.
എത്രയെത്ര സാഹിത്യകൃതികൾ നമുക്കത് മനസ്സിലാക്കിത്തരുന്നു! ഏതെങ്കിലും ഒന്നിനെക്കുറിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**വായിക്കാവുന്ന രചനകൾ**

- തേന്മാവ് (ചെറുകഥ) - ബഷീർ
- കാടിനു കാവൽ (ലേഖനം) - സുഗതകുമാരി
- കള്ളൻ ചക്കിട്ടു ( കവിത) - ഒളപ്പമണ്ണ
- പുളിമാവു വെട്ടി ( കവിത) - ഇടശ്ശേരി
- ആകാശത്തിലൊരു വിടവ് (ചെറുകഥ) - സി. രാധാകൃഷ്ണൻ
- മരത്തെ സ്നേഹിച്ച മനുഷ്യൻ (ലേഖനം) - ജോൺസി ജേക്കബ്

### ഞാൻ എന്നെക്കുറിച്ച്

| കഴിവുകൾ | പൂർണ്ണമായി | ഭാഗികമായി | മെച്ചപ്പെടണം |
|---|---|---|---|
| കഥ ഉചിതമായ ഭാവത്തോടെയും ആവശ്യമായ നിർത്തലുകൾ, ശബ്ദക്രമീകരണം എന്നിവ പാലിച്ചും വായിച്ചവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| കഥാപാത്രത്തിന്റെ പ്രായം, പെരുമാറ്റം, സംസാര രീതി, ചിന്ത, ഇഷ്ടാനിഷ്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി നിരൂപണം തയാറാക്കിയിട്ടുണ്ട്. | | | |
| 'എന്റെ വിദ്യാലയം' എന്ന കവിത ഭാവം, വികാരം, ഒഴുക്ക്, ശബ്ദവേഗം, ഊന്നലുകൾ, നിർത്തലുകൾ എന്നിവ പാലിച്ച് ചൊല്ലാൻ കഴിഞ്ഞു. | | | |
| സംഘപ്രവർത്തനങ്ങളിൽ എന്റെ ആശയങ്ങൾ പങ്കുവയ്ക്കാനും മറ്റുള്ളവരുടെ അഭിപ്രായങ്ങൾ, നിർദേശങ്ങൾ എന്നിവ എന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. | | | |
| വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ ക്രമീകരിച്ച് തുടക്കം, ഒടുക്കം, ഖണ്ഡികാകരണം, തലക്കെട്ട്, ഉപശീർഷകങ്ങൾ എന്നിവ ഉൾപ്പെടുത്തി ഉപന്യാസം തയാറാക്കിയിട്ടുണ്ട്. | | | |
| വായിച്ച രചനയുടെ ആശയം എന്റെ ആസ്വാദനക്കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉചിതമായ പദങ്ങളും പ്രയോഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. | | | |

| | | | |
|---|---|---|---|
| രചന എന്നിലുണ്ടാക്കിയ ഓർമ്മകളും അനുഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. | | | |
| ഞാൻ തയാറാക്കി അവതരിപ്പിച്ച പ്രസംഗത്തിൽ വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. | | | |
| ഉചിതമായ പദങ്ങളും പ്രയോഗങ്ങളും ഉപയോഗിച്ചിട്ടുണ്ട്. | | | |
| എന്റെ വാദങ്ങൾ സമർഥിക്കുന്നതിനാവശ്യമായ ഉദാഹരണങ്ങളും തെളിവുകളും ഉപയോഗിച്ചിട്ടുണ്ട്. | | | |
| ശബ്ദതീവ്രത, വേഗം, ഒഴുക്ക് എന്നിവ പാലിച്ച് കേൾവിക്കാരെ ആകർഷിക്കുംവിധം അവതരിപ്പിക്കാൻ കഴിഞ്ഞു. | | | |

**പദപരിചയം**

| | | |
|---|---|---|
| ഇലച്ചാർത്ത് | - | ഇലകളുടെ കൂട്ടം |
| ഇലവുമരം | - | ഒരു തരം വൃക്ഷം, പഞ്ഞിമരം |
| ഏകാഗ്രമായ | - | ഒരു കാര്യത്തിൽത്തന്നെ മനസ്സ് നിർത്തിയ |
| കതിർ | - | രശ്മി |
| കരിവാനം | - | കറുത്ത ആകാശം |
| കളഗാനം | - | മധുരമായ ഗാനം |
| കളനാദം | - | മധുരമായ ശബ്ദം |
| ചിന്നും | - | ചിന്നുന്ന, ചിതറുന്ന |
| താരം | - | നക്ഷത്രം |
| തിങ്കൾ | - | ചന്ദ്രൻ |
| പരർ | - | മറ്റുള്ളവർ |
| പാര് | - | ഭൂമി |
| പാലൊളി | - | പാലിന്റെ ശോഭ, അഴക് |
| മധു | - | തേൻ |
| മധുപൻ | - | വണ്ട് |



# 2

# പ്രകാശം പരത്തുന്നവർ

ഒരു വൃദ്ധബ്രാഹ്മണൻ കർണനെ കാണാൻ ചെന്നു.

"എനിക്ക് അങ്ങ് ഒരു സഹായം ചെയ്യണം"- വൃദ്ധബ്രാഹ്മണൻ അപേക്ഷിച്ചു.

പുഞ്ചിരിതൂകിക്കൊണ്ട് കർണൻ പറഞ്ഞു:

"അങ്ങയുടെ വേഷമാറ്റം എന്നെ കബളിപ്പിക്കയില്ല, അങ്ങ് ഇന്ദ്രനാണെന്ന് എനിക്കറിയാം. ആട്ടെ, അങ്ങേക്ക് വേണ്ടത് ഞാൻ തരാം."

"എനിക്ക് അങ്ങയുടെ പടച്ചട്ടയും കുണ്ഡലങ്ങളും വേണം"- ഇന്ദ്രൻ ആവശ്യപ്പെട്ടു.

ഒട്ടും സംശയിക്കാതെ കർണൻ അവ ഊരിയെടുത്ത് നൽകി, താൻ മരിക്കുമെന്നറിയാമെങ്കിലും. അതേ സമയം ഒരു കൃതാർഥതയും ഉണ്ടായി. മറ്റൊരാളുടെ ആഗ്രഹം സാധിപ്പിച്ചല്ലോ! ഇന്ദ്രൻ വന്ന കാര്യം നേടി. അതിൽ സന്തോഷവുമുണ്ടായി. അതേസമയം കർണനോട് അതിയായ അഭിനന്ദനം തോന്നുകയും ചെയ്തു. എന്തൊരു ത്യാഗബുദ്ധിയായിരുന്നു അത്.

ബാലസമ്മാനം ഭാഗം രണ്ട് - മാലി
മഹാഭാരത കഥാവലി

കർണന്റെ സ്വഭാവത്തിലെ എന്തു സവിശേഷതയാണ് ഇവിടെ വ്യക്തമാവുന്നത്?

# മരണമില്ലാത്ത മനുഷ്യൻ

എട്ടിൽ ഞാൻ പഠിക്കുമ്പോൾ
ദിനപത്രവുമായി-
ട്ടെത്തുന്നു ക്ലാസിൽക്കുട്ടി-
രാമമേനോനെൻ മാസ്റ്റർ
കവിളിൽ കടുക്കന്റെ
തുടുപ്പും നെറ്റിക്കര-
ക്കാലുറുപ്പിക പോലെ
ചന്ദനപ്പൊട്ടും മിന്നീ.
"ശബ്ദിക്കൊല്ലാരും" വിരൽ
മൂക്കുപാലത്തിൽ ചേർത്താൻ
"അബ്ദുറഹിമാൻ സായ്‌വിൻ
പ്രസംഗം ചെവിക്കൊൾവിൻ!"
പിന്നെ മോതിരക്കൈകൾ
വിടർത്തിക്കാട്ടും പത്ര-
ത്തിനു മേൽ മിഴിയൂന്നി
വായിക്കാൻ തുടങ്ങുന്നു
അവസാനത്തെ പ്രഭാ-
ഷണത്തിൽ മുക്കത്തു[1]വ-
ച്ചദ്ദേഹമുദ്ഘോഷിച്ച
ദൈവികവചനങ്ങൾ,
"ആളുകളുടെ മൊഴി-
യപ്പടിയനുസരി-
ക്കായ്‌വിൻ; ഏവരും മർത്ത്യർ
(മരിക്കുന്നവർ) മാത്രം.
മരിക്കുന്നവനത്രേ
ഞാനും; എൻവാക്കും തിര-



---

[1]കോഴിക്കോടിനടുത്തുള്ള ഒരു സ്ഥലം



സ്കരിപ്പിൻ; കേൾപ്പിൻ ദൈവ-
        ത്തിന്റെ വാക്കുകൾ മാത്രം.
ദൈവത്തിൻ വചനത്തിൽ
        ഖുർആനിൽ രമിക്കുവിൻ;
ജൈവമീ പ്രപഞ്ചത്തെ
        മുഴുവൻ സ്നേഹിക്കുവിൻ!
അയലിൽപ്പാർക്കും ഹിന്ദു-
        ക്കളിലെസ്സുഹൃത്തിനെ-
യറിവിൻ; ശത്രുത്വം നി-
        ങ്ങൾക്കു ദോഷമേ ചെയ്യൂ."
വായന നിലച്ചപ്പോൾ
        ഇടിവെട്ടേറ്റാൽപ്പോലെ
വാ പൊളിച്ചിരിപ്പത്രേ
        സഹപാഠികൾ, ഞാനും.

ഒടുവിൽക്കസേരയി-
ലിരുന്നു ഗുരു; മന്ദ-
സ്മിതഗൗരവം കൊണ്ടു
ഞങ്ങളെപ്പുളകപ്പിച്ചു,
"മരിച്ചിട്ടില്ലാ, മരി
ക്കയുമില്ലൊരിക്കലും
മലയാളിതൻ ഹൃദ-
യത്തിലാ ധീരപ്രജ്ഞൻ
ധീരനെന്നല്ലാതെ മ-
റ്റെന്തൊരു വിശേഷണം
ചേരുമദ്ദേഹത്തിന്?
ചൊല്ലുവിനാരെങ്കിലും!"
നിർന്നിമേഷരായ് ക്ലാസി-
ലിരുന്നൂ വിദ്യാർഥികൾ;
പിന്നിൽ നിന്നൊരു ശബ്ദ-
മൊടുവിൽ കേട്ടു, 'വീരൻ'
ശരിയാണല്ലോ വിദ്യാർ-
ഥികളും കൊട്ടീ കൈകൾ.

-അക്കിത്തം

## വായിക്കാം കണ്ടെത്താം

- സംഘങ്ങളായി തിരിഞ്ഞ് ഉചിതമായ ഈണം കണ്ടെത്തി കവിത അവതരിപ്പിക്കൂ:

"എട്ടിൽ ഞാൻ പഠിക്കുമ്പോൾ
ദിനപത്രവുമായിട്ടെത്തുന്നു ക്ലാസിൽ
കുട്ടിരാമമേനോനെൻ മാസ്റ്റർ"

-കുട്ടിരാമമേനോൻ മാസ്റ്ററുടെ മറ്റെന്തെല്ലാം പ്രത്യേകതകളാണ് കവിതയിൽ നിങ്ങൾക്കു കണ്ടെത്താൻ കഴിഞ്ഞത്? പറഞ്ഞുനോക്കൂ...

- "മുക്കത്തുവച്ചദ്ദേഹമുദ്ഘോഷിച്ച ദൈവികവചനങ്ങൾ"- അബ്ദുറഹിമാൻ സാഹിബ് പറഞ്ഞ ദൈവികവചനങ്ങൾ എന്തൊക്കെയായിരുന്നു? അദ്ദേഹം ഉദ്ഘോഷിച്ച വാക്കുകളെ ദൈവിക വചനങ്ങൾ എന്ന് വിശേഷിപ്പിച്ചത് എന്തുകൊണ്ടായിരിക്കാം?
- "ഇടിവെട്ടേറ്റതുപോലെ വാപൊളിച്ചു നിന്നു"- അടിവരയിട്ട വാക്കിനു പകരം മറ്റെന്തൊക്കെ വാക്കുകൾ ഉപയോഗിക്കാം? എഴുതിനോക്കൂ.
- "ഞാനും എൻ വാക്കും തിരസ്കരിപ്പിൻ
കേൾപ്പിൻ ദൈവത്തിന്റെ വാക്കുകൾ മാത്രം"

  -ദൈവത്തിന്റെ വാക്കുകൾ ശ്രദ്ധിക്കണമെന്ന് അബ്ദുറഹിമാൻ സാഹിബ് പറഞ്ഞതിന്റെ പൊരുൾ കണ്ടെത്തി എഴുതുക.

അബ്ദുറഹിമാൻ സാഹിബിനെ വിശേഷിപ്പിക്കാൻ എന്തൊക്കെ വാക്കുകളാണ് കവി ഉപയോഗിച്ചിട്ടുള്ളത്? ഈ വാക്കുകൾ അദ്ദേഹത്തിന്റെ ഏതെല്ലാം സ്വഭാവവിശേഷങ്ങളിലേക്കാണ് വിരൽചൂണ്ടുന്നത്? കുറിപ്പ് തയാറാക്കുക.

മഹദ്വ്യക്തികളെക്കുറിച്ചെഴുതിയ മറ്റേതെങ്കിലും കവിത നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ക്ലാസിൽ ചൊല്ലിയവതരിപ്പിച്ചു ചർച്ചചെയ്യൂ.

### ഞാൻ എന്നെക്കുറിച്ച്

| കഴിവുകൾ | പൂർണ്ണമായി | ഭാഗികമായി | കുറച്ചുമാത്രം |
|---|---|---|---|
| 'മരണമില്ലാത്ത മനുഷ്യൻ' എന്ന കവിതയുടെ പ്രമേയവും ഉള്ളടക്കവും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. | | | |
| കവിതയിൽ പറയുന്നവരുടെ രൂപം, സ്വഭാവസവിശേഷതകൾ, മഹത്ത്വം എന്നിവ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. | | | |
| കവിതയിലെ പ്രധാന വരികൾ തിരഞ്ഞെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| പദങ്ങളുടെയും പ്രയോഗങ്ങളുടെയും അർഥവും ഭംഗിയും ഊഹിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| കവിതയുടെ സ്വഭാവത്തിനും ആശയത്തിനും യോജിച്ച ഭാവം, ഒഴുക്ക്, വേഗം, ഊന്നലുകൾ, നിർത്തലുകൾ എന്നിവ [illegible]ിച്ചറിഞ്ഞ് ഈണത്തിൽ ആലപിക്കാൻ കഴിയുന്നുണ്ട്. | | | |

# കണ്ടാലറിയാത്തത്



ചില മനുഷ്യരെ നേരിട്ടു കാണുമ്പോൾ നമുക്ക് ബഹുമാനിക്കാൻ തോന്നുകയില്ലേ? എന്താണ് കാരണം? അവരിൽ എന്തോ പ്രത്യേകതയുണ്ടെന്ന് നമുക്ക് തോന്നിപ്പോകുന്നു.

അങ്ങനെയുള്ള ഒരാൾ ഒരിക്കൽ തീവണ്ടിയിൽ യാത്രചെയ്യുകയായിരുന്നു. ഒത്ത ശരീരം; തങ്കത്തിന്റെ നിറം; തേജസ്സ് തുളുമ്പുന്ന മുഖം. അദ്ദേഹം വെളുത്ത മുണ്ടാണ് ഉടുത്തിരിക്കുന്നത്. വെളുത്ത നേര്യതുകൊണ്ട് ദേഹം പുതച്ചിരിക്കുന്നു. മുണ്ഡനം ചെയ്ത ശിരസ്സും മുഖകാന്തിയും ചേരുമ്പോൾ അദ്ദേഹം ഏതോ ദിവ്യപുരുഷനാണെന്ന് ആർക്കും തോന്നും.



ഏതോ ചിന്തയിൽ ലയിച്ചതുപോലെ മൗനത്തിലൊതുങ്ങിയിരിക്കുന്ന ആ വ്യക്തി ആരാണെന്നറിയാൻ അടുത്തിരിക്കുന്ന ചിലർക്ക് ആഗ്രഹമുണ്ടായി.
അവരിലൊരാൾ അദ്ദേഹത്തോടു ചോദിച്ചു:

"എങ്ങോട്ടു പോകുന്നു?"

അദ്ദേഹം മറുപടി പറഞ്ഞു:

"ആലുവായിലേക്ക്."

ഗംഭീരമായ ശബ്ദം. അപ്പോൾ, അധികം ഭവ്യതയോടുകൂടി സഹയാത്രക്കാരൻ ചോദിച്ചു:

"പേരെന്താണ്?"

"നാരായണൻ"

ഇത്രയും അറിഞ്ഞതുകൊണ്ടു മാത്രം അടുത്തിരിക്കുന്നവർക്ക് തൃപ്തിയായില്ല. ഒരു ചോദ്യംകൂടി അവരിലൊരാൾ ചോദിച്ചു:

"ജാതിയിൽ ആരാണ്?"

ആ ചോദ്യം കേട്ടപ്പോൾ ആ ദിവ്യപുരുഷൻ ശിരസ്സുയർത്തി എല്ലാവരെയും നോക്കി. എന്നിട്ട് ഒരു ചോദ്യം തിരികെ ചോദിച്ചു:

"കണ്ടിട്ടു മനസ്സിലായില്ലേ?"

അടുത്തിരുന്നവർ പറഞ്ഞു:

"ഇല്ല, മനസ്സിലായില്ല. കണ്ടതുകൊണ്ടുമാത്രം ജാതിയേതെന്ന് മനസ്സിലാക്കാൻ കഴിയില്ലല്ലോ?"

അപ്പോൾ അദ്ദേഹം ചോദിച്ചു:

"കണ്ടാൽ മനസ്സിലായില്ലെങ്കിൽ പിന്നെയെങ്ങനെ കേട്ടാൽ മനസ്സിലാകും?"

മുഴങ്ങുന്ന ശബ്ദത്തിലുള്ള ആ ചോദ്യം കേട്ടപ്പോൾ എല്ലാവരും നിശ്ശബ്ദരായി. അതിന് എന്താണുത്തരം പറയേണ്ടതെന്ന് അവർക്ക് നിശ്ചയമില്ലായിരുന്നു.

തേജസ്വിയായ അദ്ദേഹം ആലുവയിൽ ഇറങ്ങി. അദ്ദേഹത്തെ കാത്ത് അനേകം പേർ അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവർ ഭക്തിയോടെ വണങ്ങി അദ്ദേഹത്തെ സ്വാഗതം ചെയ്തു.

അദ്ദേഹത്തോടൊപ്പം യാത്രചെയ്തിരുന്നവർക്ക് അപ്പോഴാണ് ആളാരാണെന്ന് മനസ്സിലായത്. നാരായണഗുരുസ്വാമികളായിരുന്നു അദ്ദേഹം.

"കണ്ടിട്ട് മനസ്സിലായില്ലേ?" എന്ന് ജാതിയെപ്പറ്റി അദ്ദേഹം ചോദിച്ചതിന്റെ അർഥമെന്താണെന്ന് അപ്പോൾ അവരിൽ ചിലർക്ക് ഊഹിക്കാൻ കഴി

ഞ്ഞു. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന സന്ദേശം വിളംബരം ചെയ്ത മഹാനാണ് അദ്ദേഹം.

* * * *



നാം ജീവിക്കുന്ന ലോകത്തിൽ മനുഷ്യർ ചില മതക്കാരും ജാതിക്കാരുമായി വേർതിരിഞ്ഞാണ് കഴിയുന്നത്. മതത്തിലും ജാതിയിലും പെടാത്തവർ വളരെ വളരെ ചുരുക്കമായിരിക്കും. ഓരോ മതവിഭാഗവും വിശ്വസിക്കുന്നത്, തങ്ങൾ മറ്റു മതക്കാരേക്കാൾ മെച്ചപ്പെട്ടവരാണെന്നാണ്. എന്നാൽ വാസ്തവമെന്താണ്? ഓരോ മതവിഭാഗത്തിലും നല്ലയാളുകളും ചീത്തയാളുകളുമുണ്ട്. ഒരാളെപ്പറ്റി "നല്ല മനുഷ്യൻ" എന്നു പറയുന്നത് അയാളുടെ കർമ്മം നോക്കിയാണ്; മതം നോക്കിയല്ല. അങ്ങനെ നോക്കുന്നതിനു പകരം മതത്തെ അടിസ്ഥാനമാക്കി മനുഷ്യരെ നല്ലതെന്നോ ചീത്തയെന്നോ പറയുന്നത് അബദ്ധമല്ലേ? ആണെന്ന് ആരും സമ്മതിക്കും. അപ്പോൾ ശ്രീനാരായണഗുരുവിന്റെ മറ്റൊരു സന്ദേശം ആരുടെയും ഓർമ്മയിൽ വരുകയും ചെയ്യും. സന്ദേശം ഇതാണ് :

"എങ്ങനെയാണ് മനുഷ്യൻ നന്നാകുന്നത്? മറ്റുള്ളവരെ സഹോദരങ്ങളായി കണക്കാക്കാൻ പഠിക്കുമ്പോഴാണ് ഒരാൾ നല്ലയാളാകുന്നത്. അപ്പോൾ മറ്റുള്ളവർക്ക് ഉപകാരം ചെയ്യാനും അവരെ സഹായിക്കാനും അയാൾ സന്നദ്ധനാകും. ഈ സന്നദ്ധത അയാളെ സേവനത്തിനോ ത്യാഗത്തിനോ പ്രേരിപ്പിക്കും. സ്വന്തം സുഖത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്നതിനു പകരം മറ്റുള്ളവർക്ക് സുഖം കിട്ടുന്നതിനുവേണ്ടി പരിശ്രമിക്കുന്നതിനാണ് സേവനം എന്നു പറയുന്നത്. സ്വന്തം സുഖം ഉപേക്ഷിച്ചുകൊണ്ട് മറ്റുള്ളവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനാണ് ത്യാഗം എന്നു പറയുന്നത്. ഇതിന് ഒരാളെ പ്രേരിപ്പിക്കുന്നത് സ്നേഹമാണ്. സ്വന്തം വീട്ടിലുള്ളവരെ മാത്രമല്ല, അയലത്തുള്ളവരെയും അകലെയുള്ളവരെയും സഹായിക്കാൻ സ്നേഹം ഏതൊരാളെയും പ്രേരിപ്പിക്കുന്നു. ഇപ്രകാരം സമൂഹത്തിനുവേണ്ടി സേവനമനുഷ്ഠിക്കാൻ സന്മനസ്സുള്ളവരെയാണ് 'നല്ല മനുഷ്യർ' എന്നു പറയുന്നത്."

(ശ്രീനാരായണഗുരു) - പ്രൊഫ. എം.കെ. സാനു

### വായിക്കാം കണ്ടെത്താം

- "കണ്ടാൽ മനസ്സിലായില്ലെങ്കിൽ പിന്നെയെങ്ങനെ കേട്ടാൽ മനസ്സിലാകും?" ഗുരുവിന്റെ ഈ മറുപടിയിൽ എന്തൊക്കെ ആശയങ്ങൾ അടങ്ങിയിട്ടുണ്ട്?
- "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്"
  -ഗുരുദേവന്റെ വാക്കുകളാണിവ. മനുഷ്യനന്മയെക്കുറിച്ചുള്ള ഗുരുദേവന്റെ അഭിപ്രായങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി അവതരിപ്പിക്കൂ.
- ഗുരുവിനെ കണ്ടാൽ ഒരു ദിവ്യപുരുഷനാണെന്ന് ആർക്കും തോന്നും. എന്നിട്ടും അദ്ദേഹത്തോടു ജാതി ചോദിച്ചത് എന്തുകൊണ്ടാവാം?
- ഒരാൾ നല്ല മനുഷ്യനാവുന്നതെപ്പോഴാണ്? ഗുരുവിന്റെ വാക്കുകൾ കൂടി ഉൾപ്പെടുത്തി കുറിപ്പ് തയാറാക്കൂ.

### ഉപന്യാസം തയാറാക്കാം

- "അവനവനാത്മസുഖത്തിനാചരിക്കു-
  ന്നവയപരന്നു സുഖത്തിനായ് വരേണം."

  ശ്രീനാരായണഗുരുദേവന്റെ മറ്റെന്തെല്ലാം മഹദ്‌വചനങ്ങൾ കണ്ടെത്താൻ കഴിയും? അവയുടെകൂടി അടിസ്ഥാനത്തിൽ ഗുരുദേവന്റെ ആശയങ്ങളെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കൂ.

  * അക്കാലത്തെ സാമൂഹികാന്തരീക്ഷം
  * ഗുരുദേവന്റെ വാക്കുകളുടെ പൊരുൾ
  * അവ സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങൾ

  എന്നിവ ഉൾപ്പെടുത്തുക.

### ഞാൻ എന്നെക്കുറിച്ച്

- 'വിശ്വവിദ്യാലയം' എന്ന യൂണിറ്റിൽ തയാറാക്കിയ ഉപന്യാസത്തേക്കാൾ എന്തെല്ലാം മികവുകൾ ഇപ്പോൾ തയാറാക്കിയ ഉപന്യാസത്തിലുണ്ട്? ഇനിയും മെച്ചപ്പെടേണ്ടത് എന്തെല്ലാം?

# ഗുരുപ്രസാദം



വീട്ടിൽ വന്ന് ഉദ്ദേശം രണ്ടുമാസം കഴിഞ്ഞപ്പോൾ വാരണക്കോട്ടേക്ക്[1] മഹാകവി വള്ളത്തോളിന്റെ എഴുത്തു വന്നു. കലാമണ്ഡലം ഉടനെ തുടങ്ങുകയാണെന്നും കൃഷ്ണനെ (എന്നെ) അങ്ങോട്ട് ഉടനെ അയയ്ക്കണമെന്നും അവിടെ എത്തിയാൽ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാമെന്നും ആയിരുന്നു കത്തിന്റെ ഉള്ളടക്കം. ഇക്കാര്യം എഴുന്നള്ളിയേടത്തുന്നുതന്നെ എന്നോടു പറഞ്ഞു. ഞാൻ എന്നാണ് പോകാൻ ഉദ്ദേശിക്കുന്നത് എന്നും അദ്ദേഹം ചോദിച്ചു.

---

[1] മലബാറിലെ പ്രശസ്തമായ ബ്രാഹ്മണകുടുംബം

"കല്പനപോലെ, എന്നു വേണമെങ്കിലും പോകാം"- ഞാൻ പറഞ്ഞു.

"എന്നാൽ രണ്ടു ദിവസം കഴിഞ്ഞാൽ പോകണം."

"റാൻ."



"നീ പോയി വേണ്ടപോലെ പഠിച്ച് നല്ലനിലയിലായി കാണാൻ ഞങ്ങളെല്ലാവരും ആഗ്രഹിക്കുന്നു."

"എല്ലാം അവിടുത്തെ അനുഗ്രഹം പോലെ."

"നീ ഈ വിവരം ചന്തുപ്പണിക്കരോട് പറഞ്ഞോ?"

"അന്ന് ചിറയ്ക്കൽ കടലാടിവച്ച് വള്ളത്തോൾ എന്നോട് കലാമണ്ഡലത്തിൽ പഠിക്കാൻ ചെല്ലാൻ പറഞ്ഞ കാര്യം അന്നു തന്നെ ഗുരുനാഥനോട് പറഞ്ഞിരുന്നു. പിന്നെ അദ്ദേഹത്തെ കാണുവാൻ കഴിഞ്ഞില്ല."



"എങ്കിൽ വീട്ടിൽ ചെന്ന് ചന്തുനോട് പറഞ്ഞിട്ടുവേണം പോകാൻ."

"റാൻ."

ഞാൻ ഇതിനുമുമ്പ് ഒരു പ്രാവശ്യം ഗുരുനാഥന്റെ വീട്ടിൽ പോയിട്ടുണ്ട്. ഓലമേഞ്ഞ ഒരു ചെറിയ വീടാണ്. തൃക്കരിപ്പൂർ റെയിൽവേസ്റ്റേഷന്റെ അടുത്താണ്. സ്റ്റേഷൻ കഴിഞ്ഞുള്ള മൈതാനത്തിന്റെ ഒരു വശത്താണ് വീട്. ഇത്രയും വിവരങ്ങളേ എനിക്ക് ഓർമ്മയുണ്ടായിരുന്നുള്ളൂ. പിറ്റേ ദിവസം ഗുരുനാഥനെ കാണാൻ പോവുകയാണെന്ന് അമ്മയോടു പറഞ്ഞു. പിറ്റേന്ന് രാവിലെ ഞാൻ യാത്രയായി. തൃക്കരിപ്പൂർ സ്റ്റേഷനിലേക്ക് തീവണ്ടിയിൽ പോയി. മൈതാനത്തിലിറങ്ങി പലരോടും അന്വേഷിച്ച് വീട് കണ്ടുപിടിച്ചു. വീട്ടിലേക്കു കടന്നുചെല്ലുന്ന വഴിക്ക് ആദ്യം ഒരു ചായക്കടയാണ് കണ്ടത്. വീട്ടിൽ ചെന്നപ്പോൾ ഗുരുനാഥന്റെ ഭാര്യ അവിടെ ഉണ്ടായിരുന്നു. ഗുരുനാഥൻ അവിടെ ഉണ്ടോ എന്ന് ചോദിച്ചു.



"നീ എവിടുന്നാ വരണെ?" അവർ ചോദിച്ചു.



"ഞാൻ വാരണക്കോട്ടുനിന്നാണ് വരുന്നത്. ഞാനൊരു ചെറിയ കഥകളിക്കാരനാണ്. ചന്തുപ്പണിക്കരാശാനാണ് എന്റെ ഗുരുനാഥൻ. ഇതാണ് അദ്ദേഹത്തിന്റെ വീടെന്ന് ഒരാൾ പറഞ്ഞു തന്നു. അതാണ് ഇങ്ങോട്ട് വന്നത്."

"ഓഹോ, എന്നാൽ അദ്ദേഹം ആ ചായക്കടയിലുണ്ട്."

ഞാൻ ചായക്കടയിലേക്ക് ചെന്നു. ഗുരുനാഥൻ ചായകുടിക്കാനവിടെ പോയതായിരിക്കും എന്നു വിചാരിച്ചാണ് ഞാനവിടെ പോയത്. അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച എന്നെ ആകെ തളർത്തിക്കളഞ്ഞു. കഥകളിവേഷക്കാരനെന്ന നിലയ്ക്കും ആചാര്യനെന്ന നിലയ്ക്കും അദ്വിതീയനായ, പ്രശസ്തനായ ആ ഗുരു; ചന്തുപ്പണിക്കർ ചായക്കടയിലിരിക്കുന്ന വഴിപോക്കർക്ക് ചായ കൂട്ടിക്കൊടുക്കുന്നതും കുടിച്ചുകഴിഞ്ഞ പാത്രം സ്വയം കഴുകി വൃത്തിയാക്കി വീണ്ടും ചായ ഉണ്ടാക്കിക്കൊടുക്കുന്നതും ഡസ്ക് തുടയ്ക്കുന്നതും ആണ് ഞാൻ കണ്ടത്. ആ കാഴ്ച കണ്ട് ഞാൻ ഒന്നും സംസാരിക്കാൻ ശക്തിയില്ലാതെ അന്തംവിട്ടു നിന്നു. അപ്പോഴാണ് "നീ എപ്പഴാ വന്നത്?" എന്ന ആശാന്റെ ചോദ്യം കേട്ടത്. അപ്പോഴും എനിക്കൊന്നും മിണ്ടാൻ പറ്റിയില്ല. എന്റെ മനസ്സിൽ കിടന്നു തിങ്ങിയ വികാരം അദ്ദേഹത്തിനു മനസ്സിലായി എന്നു തോന്നുന്നു. അദ്ദേഹം വീണ്ടും പറഞ്ഞു: "നീ വീട്ടിൽ പോയി വല്ലതും കഴിച്ച് അവിടെ ഇരിക്ക്. ഞാനിപ്പോൾത്തന്നെ അങ്ങോട്ട് വന്നേക്കാം."



അദ്ദേഹത്തിന്റെ ഒരു മകൾ അപ്പോൾ അവിടെയുണ്ടായിരുന്നു. അവരോടായിട്ട്, "നീ ഇവനെ കൂട്ടി വീട്ടിൽ ചെന്ന് ആഹാരമെന്തെങ്കിലും കൊടുക്കൂ" എന്നും പറഞ്ഞു.



ഗുരുനാഥന്റെ ഭാര്യ ചോറു വിളമ്പി എന്റെ മുമ്പിൽ കൊണ്ടുവച്ചു.

"എനിക്കിപ്പോൾ ഒന്നും കഴിക്കണ്ട"- ഞാൻ പറഞ്ഞു. എന്റെ കണ്ണിൽക്കൂടി കണ്ണീർ ഒലിക്കുന്നുണ്ടായിരുന്നു.

കുറച്ചു സമയം കഴിഞ്ഞപ്പോൾ ഗുരുനാഥൻ വന്നു. എന്നെ കണ്ടപ്പോൾ "നീ എന്തിനാ കരയുന്നത്?" എന്നു ചോദിച്ചു.

"ഒന്നുമില്ല" എന്നുമാത്രം ഞാൻ പറഞ്ഞു. അദ്ദേഹത്തിനു കാര്യം മനസ്സിലായി. ഒരു തത്ത്വജ്ഞാനിയുടെ മട്ടിൽ അദ്ദേഹം എന്നോട് പറഞ്ഞു:



"മനുഷ്യനായി കർമ്മഭൂമിയിൽ ജനിച്ചാൽ കർമ്മം ചെയ്യണം. ഇന്നു ഞാൻ ചെയ്യുന്നത് ഒരു കർമ്മമാണ്. അതു വിധിയാണ്. വിധിയുടെ കല്പന മാറ്റാൻ ആരാലും സാധ്യമല്ല. വാരണക്കോട്ടുനിന്നു വന്നതിനുശേഷം മറ്റു ജീവിതമാർഗമൊന്നും കണ്ടില്ല. ഇങ്ങനെ ഒരുപായമാണ് തോന്നിയത്. അതു വിധികല്പിതമല്ലേ? പന്ത്രണ്ടുകൊല്ലക്കാലം താഴെക്കാട്ടുമനയിൽ ഗുരുനാഥനായ ഈശ്വരമേനോന്റെ കീഴിൽ ഞാൻ അഭ്യാസം നടത്തി. അദ്ദേഹം സന്തുഷ്ടനായി എന്നെ അനുഗ്രഹിച്ചാണ് പറഞ്ഞയച്ചത്. ഈ നാട്ടിലാണെങ്കിൽ കഥകളി ഇല്ല. കഥകളിയല്ലാതെ മറ്റൊന്നും ഞാൻ പഠിച്ചിട്ടുമില്ല. അപ്പോൾ ജീവിക്കാൻ എന്തെങ്കിലും വേണ്ടേ? തളിപ്പറമ്പിലും വാരണക്കോട്ടും ഞാൻ കഥകളി പഠിപ്പിച്ചു. കുറേ ശിഷ്യന്മാരുമുണ്ടായി. അവരുടെയും ഗതി മിക്കവാറും ഇതുതന്നെയാണ്. വടക്കേമലബാറിൽ കഥകളി കൊണ്ടുമാത്രം ജീവിക്കുവാൻ പ്രയാസമാണ്. അതാണ് ഇപ്പോൾ ഈ ചായക്കട തുടങ്ങിയിരിക്കുന്നത്."



ഇങ്ങനെ കുറേ അധികനേരം അദ്ദേഹം സംസാരിച്ചു. സംസാരമെല്ലാം കഴിഞ്ഞപ്പോഴേക്കും ഏതാണ്ട് മൂന്നു മണിയായി. അപ്പോഴാണ് ഞാൻ വന്ന കാര്യം ഗുരുനാഥനോട് പറഞ്ഞത്:

"കലാമണ്ഡലത്തിലേക്ക് മഹാകവി വിളിച്ച കാര്യം അന്ന് ചിറയ്ക്കൽവച്ച് ഞാൻ പറഞ്ഞല്ലോ. ഇപ്പോൾ അവിടന്ന് എഴുത്തു വന്നിട്ടുണ്ട്. രണ്ടുദിവസം കഴിഞ്ഞു പോകാനാണ് എഴുന്നള്ളിയേടത്തുന്നിന്റെ കല്പന. ഗുരുനാഥന്റെ അനുവാദവും ആശിർവാദവും വാങ്ങിക്കാനാണ് ഞാൻ വന്നത്."



കുറച്ചുനേരത്തേക്ക് അദ്ദേഹം മറുപടിയൊന്നും പറഞ്ഞില്ല. തെല്ലുനേരം കഴിഞ്ഞ്, "ങാ, പോയി നീയെങ്കിലും നന്നായി വാ. എനിക്ക് വളരെ ശിഷ്യന്മാരുണ്ടെങ്കിലും നീയാണെന്റെ പ്രിയപ്പെട്ട ശിഷ്യൻ. അന്നു നിന്റെ കാലുപൊട്ടിയപ്പോൾ ഞാൻ പറഞ്ഞത് ഓർക്കുന്നുണ്ടോ?"



ഇത്രയും കേട്ടപ്പോൾ ഞാൻ പൊട്ടിക്കരഞ്ഞുപോയി. അദ്ദേഹം എന്നെ അടുത്തു പിടിച്ചുനിർത്തി കണ്ണു തുടച്ചിട്ട്: "കരയണ്ട, ഞാനന്ന് പറഞ്ഞതുപോലെ മോരിലെ വെണ്ണ കണക്ക് നീ എന്നും കഥകളിയുടെ മുകളിൽ തന്നെ കിടക്കും. നീ പ്രശസ്തനായി വളരെക്കാലം ജീവിച്ചിരിക്കട്ടെ."

ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു. ഹൃദയം നിറഞ്ഞ സ്നേഹത്തോടും സന്തോഷത്തോടുംകൂടി എന്നെ അനുഗ്രഹിച്ചശേഷം ഗുരുനാഥൻ പറഞ്ഞു:

"നീ എന്റെ ഇപ്പോഴത്തെ അവസ്ഥകണ്ട് വിഷമിക്കണ്ട. കാനായിൽ വേങ്ങയിൽ നായനാരുടെ വക ഒരു അഭ്യാസക്കളരി തുടങ്ങുന്നുണ്ട്. അതു നടത്തുന്നതിന് എന്നെയാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന് കർണാകർണികയാ ഞാനറിഞ്ഞു. അത് അടുത്തുതന്നെ തുടങ്ങും. അപ്പോൾ എന്റെ ഇപ്പോഴത്തെ വിഷമങ്ങളെല്ലാം തീരും. നീ സന്തോഷത്തോടെ പൊയ്ക്കൊള്ളൂ."

ഗുരുനാഥനോടും ഭാര്യയോടും യാത്രപറഞ്ഞ് ഞാൻ ഇറങ്ങി. അദ്ദേഹം പടിക്കൽവരെ എന്റെകൂടെ വന്നു. ഞാൻ മറയുന്നതുവരെ അദ്ദേഹം നിർന്നിമേഷനായി അവിടെ നോക്കിനിന്നിരുന്നു. ആ രംഗം ഇന്നും ഞാൻ ഓർമ്മിക്കുന്നു.

(എന്റെ ജീവിതം അരങ്ങിലും അണിയറയിലും) -കലാമണ്ഡലം കൃഷ്ണൻനായർ

### വായിക്കാം കണ്ടെത്താം

- "എന്റെ കണ്ണിൽക്കൂടി കണ്ണീർ ഒലിക്കുന്നുണ്ടായിരുന്നു."
  ഈ കണ്ണീരിന്റെ കാരണമെന്താണ്?
- "ആ കാഴ്ച കണ്ട് ഞാൻ ഒന്നും സംസാരിക്കാൻ ശക്തിയില്ലാതെ അന്തംവിട്ടു നിന്നുപോയി."
  - കൃഷ്ണൻ ചന്തുപ്പണിക്കരെ ചായക്കടയിൽവച്ച് കണ്ടുമുട്ടുന്ന രംഗം സ്വന്തം ഭാഷയിൽ കൂട്ടുകാരോട് പറയൂ.
- "മനുഷ്യനായി കർമ്മഭൂമിയിൽ ജനിച്ചാൽ കർമ്മം ചെയ്യണം. ഇന്ന് ഞാൻ ചെയ്യുന്നത് കർമ്മമാണ്."
  -ചന്തുപ്പണിക്കരുടെ ജീവിതം നിങ്ങൾ കണ്ടല്ലോ. ചന്തുപ്പണിക്കരെക്കുറിച്ച് മറ്റെന്തെല്ലാം കാര്യങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്താം?

## കലാമണ്ഡലം കൃഷ്ണൻനായർ



"ഈയൊരു വിദ്യ വശത്താക്കാൻ പറ്റുന്നില്ലെങ്കിൽ എനിക്കിനി കണ്ണേ വേണ്ട." അതു പറയുമ്പോൾ ആ യുവാവിന്റെ കണ്ണുകൾ അക്ഷരാർഥത്തിൽ നിറഞ്ഞിരുന്നു. നടനരംഗത്തെ കുലപതിയായ ഗുരു ഗോപിനാഥ് നടുക്കൽ കണ്ണുസാധകം പഠിക്കാനെത്തിയതായിരുന്നു അയാൾ. നിരന്തരമായ സാധകത്തിനൊടുവിൽ കണ്ണു രണ്ടും തുടുത്തുവീങ്ങി. വേദന അസഹ്യമായി. പരിശോധിച്ച ഡോക്ടർ ഈ സാധകം നിർത്തിയില്ലെങ്കിൽ ഒടുവിൽ കണ്ണുണ്ടാവില്ലെന്നു പറഞ്ഞു. അപ്പോഴായിരുന്നു ആ പ്രതികരണം. കഥകളിയെ ജീവിതവും ജീവിതത്തെ കഥകളിയുമാക്കിയ കലാമണ്ഡലം കൃഷ്ണൻനായരായിരുന്നു ആ യുവാവ്. അവിസ്മരണീയമായ ആത്മബലത്തിന്റെ ഇതിഹാസകഥയാണ് അദ്ദേഹത്തിന്റെ ജീവിതം.

ദാരിദ്ര്യവും കഷ്ടപ്പാടും മാത്രം കൈമുതലായുള്ള ഒരു കുടുംബത്തിൽ നിന്ന് കഥകളിയെന്ന കലാരൂപത്തിന്റെ ഗിരിശൃംഗങ്ങൾ കീഴടക്കിയ കൃഷ്ണൻനായർ കേരളീയ കലാരംഗത്ത് പ്രകാശഗോപുരമായി നിലകൊള്ളുന്നു.

1914 മാർച്ച് 27 നു കണ്ണൂർജില്ലയിലെ ചിറയ്ക്കലിൽ ജനനം. പുതിയടത്തു വീട്ടിൽ മാധവിയമ്മയുടെയും കാഞ്ഞിരങ്ങോട്ട് നാരായണൻ നായരുടെയും മകൻ. നാലാം ക്ലാസുവരെ ഔദ്യോഗിക പഠനം. മിത്രോദയം കലാലയത്തിലും തൃപ്പൂണിത്തുറ ആർ. എൽ. വി. ഫൈൻ ആർട്സ് സ്കൂളിലും തിരുവനന്തപുരം 'മാർഗി'യിലും അധ്യാപകൻ. 1970-ൽ രാജ്യം അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചു. നെഹ്റുവിൽനിന്ന് നാട്യരത്നം അവാർഡ്, കേന്ദ്ര - കേരള സംഗീത നാടക അക്കാദമി അവാർഡുകൾ, ഫെലോഷിപ്പുകൾ, മൈസൂർ രാജാവിൽനിന്ന് സ്വർണമെഡൽ, കൊച്ചി രാജാവിൽനിന്ന് വീരശൃംഖല എന്നിവ അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. പൂതനവേഷത്തിൽ അദ്വിതീയനായിരുന്ന കൃഷ്ണൻനായർ 'പൂതനകൃഷ്ണൻ' എന്ന പേരിൽ അറിയപ്പെട്ടു. നളചരിതം ആട്ടപ്രകാരം, കോട്ടയം കഥകൾ ആട്ടപ്രകാരം, എന്റെ ജീവിതം അരങ്ങിലും അണിയറയിലും എന്നിവ അദ്ദേഹത്തിന്റെ പ്രസിദ്ധ കൃതികൾ. 1990 ഓഗസ്റ്റ് 15 ന് നിര്യാതനായി.

(മഹച്ചരിതമാല)

"മോരിലെ വെണ്ണ കണക്ക് നീ എന്നും കഥകളിയുടെ മുകളിൽ തന്നെ കിടക്കും." -കൃഷ്ണൻനായർക്ക് ഗുരു നൽകിയ ആശിർവാദമാണിത്.
ഈ ജീവചരിത്രക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഇത് യാഥാർഥ്യമായോ എന്ന് പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

കലാമണ്ഡലം, കഥകളി എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളും ചിത്രങ്ങളും ശേഖരിച്ച് പതിപ്പ് തയാറാക്കുക.

## ഞാൻ എന്നെക്കുറിച്ച്

| കഴിവുകൾ | പൂർണ്ണമായി | ഭാഗികമായി | കുറച്ചുമാത്രം |
|---|---|---|---|
| ഞാൻ തയാറാക്കിയ പതിപ്പിൽ കലാമണ്ഡലത്തിന്റെ വിവിധ ചിത്രങ്ങൾ ഉൾപ്പെടുത്താൻ സാധിച്ചു. | | | |
| കലാമണ്ഡലത്തിന്റെ ലഘുചരിത്രം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| കഥകളിയുടെ ചടങ്ങുകളെക്കുറിച്ചുള്ള ലഘുവിവരണം ചേർത്തിട്ടുണ്ട്. | | | |
| പ്രശസ്തരായ കഥകളി കലാകാരന്മാരെക്കുറിച്ചുള്ള കുറിപ്പുകളും ചിത്രങ്ങളും നൽകിയിട്ടുണ്ട്. | | | |
| കഥകളിയിലെ പ്രധാനവേഷങ്ങളുടെ ചിത്രവും വിശദീകരണവും നൽകാൻ സാധിച്ചിട്ടുണ്ട്. | | | |
| ഉള്ളടക്കത്തിന്റെ പ്രാധാന്യത്തിനനുസരിച്ച് ചിത്രങ്ങൾ, കുറിപ്പുകൾ എന്നിവ ഉചിത സ്ഥലത്ത് ചേർത്തിട്ടുണ്ട്. | | | |
| നിറം, വരകൾ മുതലായവ നൽകി പേജുകൾ ആകർഷകമാക്കിയിട്ടുണ്ട്. | | | |

## പദപരിചയം

അദ്വിതീയൻ - രണ്ടാമനല്ലാത്തവൻ, ഏറ്റവും ശ്രേഷ്ഠൻ
അനുഷ്ഠിക്കുക - ചെയ്യുക
ഉദ്ഘോഷിച്ച - ഉച്ചത്തിൽ പറഞ്ഞ, പ്രഖ്യാപിച്ച
കടുക്കൻ - പുരുഷൻമാരുടെ ഒരിനം കർണാഭരണം
കലശലായ - വളരെ കൂടുതലായ
കർണാകർണികയാ - ഒരു ചെവിയിൽനിന്ന് മറ്റൊരു ചെവിയിലേക്ക്, പലരായി പറഞ്ഞ്
ചാരിതാർഥ്യം - സാഫല്യം
ജൈവം - ജീവത്തായത്
തിരസ്കരിക്കുക - ഉപേക്ഷിക്കുക
തേജസ്സ് - ശോഭ
ദീർഘകായൻ - ഉയരം കൂടിയ ശരീരമുള്ളവൻ
ധീരപ്രജ്ഞൻ - ധൈര്യവും അറിവും ഉള്ളവൻ
നിർന്നിമേഷൻ - കണ്ണുചിമ്മാത്തവൻ
മന്ദസ്മിതം - പുഞ്ചിരി
രമിക്കുക - ആനന്ദിക്കുക, പ്രീതിയുണ്ടാവുക
വചനം - വാക്ക്
സാധകം - ആവർത്തിച്ചുള്ള പരിശീലനം
സാഷ്ടാംഗം - അഷ്ടാംഗങ്ങളോടുകൂടി
റാൻ - ആചാരഭാഷയിൽ സമ്മതമറിയിക്കൽ



# 3
# നിറഭേദങ്ങൾ



ജനൽച്ചില്ലിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടാണ് മാളു ഉണർന്നത്. കണ്ണുകൾ തിരുമ്മിക്കൊണ്ട് ജാലകം തുറന്ന് അവൾ പുറത്തേക്ക് നോക്കി. ഞാനിവിടെയുണ്ടേ എന്ന ഭാവത്തിൽ പയർച്ചെടി തലയാട്ടുന്നു. മുറ്റത്തെ കൊച്ചുമരച്ചില്ലയിൽ അമ്മക്കിളി അവളെത്തന്നെ നോക്കി ചിലച്ചുകൊണ്ടിരിക്കുകയാണ്.

ഇന്നെന്തേ നീ വരാൻ വൈകി എന്നു ചോദിക്കും പോലെ.

കുറച്ചപ്പുറത്ത് പുൽത്തലപ്പിലെ മഞ്ഞുതുള്ളിയിൽ ഒരു കുഞ്ഞുസൂര്യൻ തിളങ്ങി.

ആ പ്രഭാതത്തിൽ മാളു മറ്റെന്തൊക്കെ കണ്ടിരിക്കാം?


# മഴവില്ല് വരയ്ക്കുന്നവർ



ആ നാട്ടിൽ നിറയെ കുന്നുകളായിരുന്നു. അവിടെയാണ് മൃഗങ്ങളും പക്ഷികളും മനുഷ്യരുമൊക്കെ പാർത്തിരുന്നത്. കുന്നുകൾക്കെല്ലാം മധ്യേ വിശാലമായ മൈതാനം പോലെ ചതുപ്പ്. കുളക്കോഴികളും കാട്ടുതാറാവുകളും തലയിൽ തൊപ്പിവച്ച കാട്ടുകോഴികളും അവിടെ പാർത്തുവന്നു. അവിടെ മനുഷ്യർക്ക് സഞ്ചരിക്കാൻ കഴിയുമായിരുന്നില്ല. ചതുപ്പുനിലത്തിനു ചുറ്റുമുള്ള ആ കുന്നുകൾക്കെല്ലാം ഓരോ നിറമായിരുന്നു; നീല, മഞ്ഞ, പച്ച, ചുവപ്പ്, വെള്ള - അങ്ങനെ ഓരോരോ നിറങ്ങൾ. നീലക്കുന്നിലെ മനുഷ്യരും മൃഗങ്ങളും പക്ഷികളുമെല്ലാം നീല. മഞ്ഞക്കുന്നിലെ മരങ്ങളും കിളികളും മനുഷ്യരുമെല്ലാം മഞ്ഞ. ഒരു കുന്നിലുള്ളവർ മറ്റു കുന്നുകളിലേക്കു സഞ്ചരിച്ചതേ ഇല്ല. ഒരു കുന്നിലെ മനുഷ്യർ മറ്റു കുന്നുകളിലെ മനുഷ്യരെ കണ്ടതേയില്ല. കണ്ടാൽ കാഴ്ചശക്തി പോകുമെന്നായിരുന്നു ഓരോ കുന്നുകാരുടെയും വിശ്വാസം.

അങ്ങനെയിരിക്കെ ഒരു വൈകുന്നേരം, നീലക്കുന്നിലെ ഒരു നീല അച്ഛനും നീല മകനും കൂടി നടക്കാൻ പോയി. കൂട്ടിലേക്കു പോകുന്ന കിളികളുടെ പാട്ടുകൾ കേട്ട്, കാറ്റടിക്കുമ്പോൾ കലമ്പിയുണരുന്ന മരങ്ങളുടെ മൂളലുകൾ കേട്ട്, നീലനിറത്തിന്റെ വകഭേദങ്ങൾ കണ്ട്, ചിരിച്ചും കഥകൾ പറഞ്ഞും അവർ മുന്നോട്ടു നീങ്ങി. നടന്നുനടന്ന്

അറിയാതെ അവർ മഞ്ഞക്കുന്നിനരികിലെത്തിപ്പോയിരുന്നു. ഒരു ശബ്ദം കേട്ട് അവർ ഞെട്ടിത്തിരിഞ്ഞു നോക്കി. മഞ്ഞക്കുന്നിൽനിന്ന് ഒരു മഞ്ഞപ്പന്ത് ഉരുണ്ടുരുണ്ട് വരുകയാണ്; പിന്നാലെ ഒരു മഞ്ഞക്കുട്ടിയും.



"കണ്ണടച്ചോ..........കണ്ണടച്ചോ....." അച്ഛൻ നെഞ്ചിടിപ്പോടെ പറഞ്ഞു. അവൻ കൈകൾകൊണ്ട് കണ്ണു പൊത്തി. എങ്കിലും കൈവിരലുകൾ മെല്ലെ നീക്കി കൗതുകത്തോടെ ആ കാഴ്ച കാണാതിരിക്കാൻ അവനു കഴിഞ്ഞില്ല. ഒരു മഞ്ഞക്കുട്ടി! മഞ്ഞക്കണ്ണുകൾ! മഞ്ഞശരീരം! മഞ്ഞത്തലമുടി! ഹായ്! എത്ര സുന്ദരനാണവൻ! അച്ഛനറിയാതെ ആ കാഴ്ചയിൽ ലയിച്ച് അവനങ്ങനെ നിന്നു. മഞ്ഞക്കുട്ടി ഓടിവന്ന് മഞ്ഞപ്പന്തുമെടുത്ത് തിരികെ തന്റെ കുന്നിലേക്കുതന്നെ ഓടിക്കയറിപ്പോയി.

"നീ വല്ലതും കണ്ടോ?" അച്ഛൻ ചോദിച്ചു.

"ഏയ്, ഒന്നും കണ്ടില്ല."


"ഒന്നും?"

"ഒന്നും." - അവനൊരു നുണ പറഞ്ഞു.

"ഇന്ന് ഇവിടെവരെ മതി, നമുക്ക് തിരിച്ചുനടക്കാം." അച്ഛൻ തിരക്കിട്ട് നടക്കാൻ തുടങ്ങി, കൂടെ അവനും. അവന്റെ മനസ്സു നിറയെ മഞ്ഞക്കുട്ടിയും മഞ്ഞപ്പന്തും മഞ്ഞക്കുന്നിലെ വിശേഷങ്ങളും വിരിഞ്ഞുനിന്നു.

ഉറങ്ങാൻ കിടക്കുമ്പോൾ അവന് പേടിയായിരുന്നു. ഞാൻ മഞ്ഞക്കുട്ടിയെ കണ്ടിരിക്കുന്നു. എന്റെ കാഴ്ച പോകുമോ? കാഴ്ച പോയാലുള്ള അവസ്ഥ അവന് ആലോചിക്കാനേ കഴിയുമായിരുന്നില്ല. ഓരോന്ന് ആലോചിച്ച് വീണ്ടും ഉറക്കത്തിലേക്കു വഴുതിവീഴും. വീണ്ടും ഞെട്ടും. ഉണരുമ്പോൾ ഭയത്തോടെ ജാലകത്തിലൂടെ പുറത്തേക്കു നോക്കും. ഹാവൂ, ഒന്നും സംഭവിച്ചിട്ടില്ല. നീലനിലാവ് എങ്ങും തിങ്ങിപ്പരന്നിരിക്കുന്നു. നേരം വെളുക്കുന്നതുവരെ പലവട്ടം അവൻ ഞെട്ടിയുണർന്ന് കൺമിഴിച്ചു. അപ്പോഴെല്ലാം സകല ദൈവങ്ങളെയും ഓർത്തു പ്രാർഥിച്ചു: "ദൈവങ്ങളേ, എന്റെ കാഴ്ച പോക്കല്ലേ....."

പലതരം കിളികളുടെ സ്വരങ്ങൾ കേട്ടാണ് അവനുണർന്നത്. നീലമരങ്ങൾ കൊമ്പുകൾകൊണ്ട് കൈകോർത്ത് കാറ്റിലാടി. "ഇല്ല, കണ്ണിനൊന്നും സംഭവിച്ചിട്ടില്ല. ദൈവങ്ങളേ നന്ദി." അടുക്കളയിൽ മൺകലത്തിൽ അമ്മ കോരിവച്ചിരുന്ന തണുത്ത വെള്ളമെടുത്ത് അവൻ പലവട്ടം കണ്ണുകൾ കഴുകി. അന്നാദ്യമായി അവനൊരു കാര്യം മനസ്സിലായി. മറ്റു കുന്നുകളിലെ മനുഷ്യരെ കണ്ടാൽ കാഴ്ച പോവുകയൊന്നുമില്ല. തൽക്കാലം രഹസ്യം അവൻ മറ്റാരോടും പറഞ്ഞില്ല.



മഞ്ഞക്കുന്നിലെ മഞ്ഞക്കൂട്ടുകാരനെ കാണാൻ അവനു കൊതിയായി. അവൻ കാത്തുകാത്തിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അച്ഛൻ പണിക്കുപോയ നേരം. അമ്മ അപ്പുറത്തെ വീട്ടിലെ ചേച്ചിയുടെ കൂടെ കാട്ടിൽ വിറകെടുക്കാൻ പോയിരിക്കയാണ്. തക്കം നോക്കി അവൻ ഇറങ്ങി നടന്നു. മഞ്ഞക്കുന്ന് ദൂരെയാണ്. അവൻ നീലവഴികളിലൂടെ വേഗത്തിൽ നടന്നു. നടന്നുകൊണ്ടിരിക്കെ നീലനിറം മാഞ്ഞു കൊണ്ടേയിരുന്നു.

എന്നാൽ മഞ്ഞയ്ക്കു പകരം പച്ചയാണ് തെളിഞ്ഞു വന്നത്. വഴിതെറ്റിയിരിക്കുന്നു; അവനു മനസ്സിലായി. എങ്കിലും പലമാതിരി പച്ചകളാൽ തിളങ്ങി, ചാഞ്ഞും ചരിഞ്ഞും കിടന്നിരുന്ന ആ പ്രദേശത്തിന്റെ ഭംഗിയിൽ അവന്റെ മനം കുളിർത്തു. പച്ചമുളകൾ നിറഞ്ഞ കാട്ടിലൂടെ അവൻ നടന്നു. ഒരു പച്ചമുയൽ ഓടിവന്ന് ചെവികൂർപ്പിച്ച് കുറ്റിക്കാട്ടിലേക്കു ചാടിപ്പോയി. പെട്ടെന്ന് മുള കീറുന്നതുപോലെ ഒരു നിലവിളി കേട്ടു:

"അയ്യോ......... ഓടിവരണേ........രക്ഷിക്കണേ...."

അവൻ ശബ്ദം കേട്ട ഭാഗത്തേക്ക് ഓടിച്ചെന്നു. ഒരു പച്ചപ്പെൺകുട്ടി പച്ചക്കുളത്തിൽ പൊങ്ങുകയും താഴുകയും ചെയ്യുന്നു. അവൻ കുളത്തിന്റെ പടവുകളിൽ പിടിച്ച് കൈനീട്ടി. അവൾ കൈ പിടിക്കുന്നില്ല. അവന് കാര്യം മനസ്സിലായി. ഓ! എന്റേത് നീലക്കൈയല്ലേ! അവൻ കാട്ടിൽ ഒടിഞ്ഞുവീണ ഒരു പച്ചമുളന്തണ്ടെടുത്ത് നീട്ടി. അവൾ അതിൽ പിടിച്ചു. അവൻ ആഞ്ഞു വലിച്ചു. ഹാവൂ... ഒരു വിധം കരകയറ്റി. അവൻ അവളെ നോക്കിനിന്നു. ഒരു പാവം പച്ചപ്പെൺകുട്ടി. അവന്റെ ശ്രദ്ധ അവളുടെ പാദത്തിലേക്കു തിരിഞ്ഞു - ഒരു മുറിവിൽ നിന്നു ചോര കിനിയുന്നു.

അവൻ തന്റെ നീലക്കുപ്പായത്തിന്റെ ഒരറ്റം വലിച്ചുകീറി അവളുടെ കാലിൽ വരിഞ്ഞുകെട്ടി. അവൾ വേദനയോടെ ചിരിച്ചു. പിന്നെ വേച്ചു വേച്ച് നടന്നു.

"ഹേയ്... നിന്റെ പേരെന്താ?" അവൻ ചോദിച്ചു.

അവൾ ഒന്നും പറയാതെ തിരിഞ്ഞു നോക്കി. പിന്നെ തളിരിലകളിൽ കുളിരണിഞ്ഞാടുന്ന തേൻമാവുപോലെ കുലുങ്ങിച്ചിരിച്ചു.

നേരം വൈകി. അവനോർത്തു, അമ്മ വന്നിട്ടുണ്ടാവും. കാട്ടുമുളകൾക്കിടയിലൂടെ നടക്കുമ്പോൾ അൽപ്പമകലെ ഒരു കൂക്കുവിളി. ദൂരെ പച്ചക്കുന്നിലെ കൂട്ടുകാർ വിളിക്കുകയാണ്. അവർ ഒരു മുളന്തണ്ടിൽ അവന്റെ നീലക്കുപ്പായത്തിന്റെ ശീല കൊടിപോലെ കെട്ടി വീശുകയാണ്. അവനും കൈവീശി.

അന്നുമുതൽ നീലക്കുന്നിലെയും പച്ചക്കുന്നിലെയും കുട്ടികൾ കൂട്ടുകാരായി. അവർ കളികളും കഥകളും അന്നവും പങ്കുവച്ചു. നീലക്കൂട്ടുകാരും പച്ചക്കൂട്ടുകാരും മഞ്ഞക്കൂട്ടുകാരും മഞ്ഞക്കുന്നിലേക്കും ചുവപ്പുകുന്നിലേക്കും വെള്ളക്കുന്നിലേക്കുമെല്ലാം നിരന്തരം സഞ്ചരിച്ചു. അവർ ഒന്നിച്ചു കളിച്ചു. നിറങ്ങളും നിമിഷങ്ങളും പങ്കുവച്ചു. ഇതൊന്നും അവരുടെ അച്ഛനമ്മമാർ അറിഞ്ഞതേയില്ല. നിലാവലകൾ പൂമ്പട്ടു നെയ്ത ഒരു രാത്രി. ദൈവം ഭൂമിയിലെ നിറങ്ങളുടെ കുന്നുകളിലേക്കു നോക്കി. ഓരോ കുന്നിലും നിറഭേദങ്ങളുടെ കൊടികൾ പാറുന്നു. നീലക്കുന്നിൽ പച്ചയും മഞ്ഞയും വെള്ളയും ചുവപ്പും മഞ്ഞക്കുന്നിൽ നീലയും പച്ചയും വെള്ളയും ചുവപ്പും. ഇത് ആ കുസൃതിക്കുരുന്നുകളുടെ പണിയാണ് - ദൈവം ചിരിച്ചുകൊണ്ടോർത്തു. പിന്നെ താമസിച്ചില്ല. സ്വർഗത്തിലെ നിറത്തുകിലുകളോരോന്നും കൂട്ടിക്കെട്ടി എല്ലാ കുന്നുകൾക്കും മീതെ ഒരു വലിയ മാലയായി ചാർത്തി. ആ ദിവ്യമായ കണ്ണുകൾ ചതുപ്പുനിലത്തിലേക്ക് ഒന്നു നോക്കിയതേയുള്ളൂ. കുളക്കോഴികളും കാട്ടുതാറാവുകളും അടുത്ത ചതുപ്പിലേക്ക് പറന്നുപോയി. അവിടം മുഴുവൻ പഞ്ചാരമണൽ നിറഞ്ഞു. പിന്നെ രാത്രി മുഴുവൻ കുട്ടികൾക്ക് മാത്രം കേൾക്കാവുന്ന മധുരമായ സംഗീതം പൊഴിച്ചു.

നേരം വെളുക്കുമ്പോഴേക്കും കുട്ടികൾ ഉണർന്നു. കുന്നുകൾക്കു താഴെ ചതുപ്പുനിലം വറ്റിയിരിക്കുന്നു. പിന്നെ ഒട്ടും താമസിച്ചില്ല. കൈയിൽ കിട്ടിയ കളിയുപകരണങ്ങളുമായി എല്ലാ കുന്നിലെയും കൂട്ടുകാർ പഞ്ചാരമണലിൽ തുള്ളിച്ചാടി നടന്നു.

ബഹളം കേട്ട് ഉണർന്ന എല്ലാ കുന്നിലെയും അച്ഛനമ്മമാർ കണ്ടത്, വെള്ളമൈതാനിയിൽ നിറങ്ങൾ വാരിവിതറി ഓടിക്കളിക്കുന്ന കുട്ടികളെയാണ്. അവർ ആകാശത്തേക്കു നോക്കി - ഏഴുനിറങ്ങളിൽ പുത്തുലഞ്ഞ് മഴവില്ല്

(നാടോടിക്കഥ)

### വായിക്കാം കണ്ടെത്താം

- "അവൻ കൈകൾകൊണ്ട് കണ്ണുപൊത്തി. എങ്കിലും കൈവിരലുകൾ മെല്ലെ നീക്കി കൗതുകത്തോടെ ആ കാഴ്ച കാണാതിരിക്കാൻ അവനു കഴിഞ്ഞില്ല" - നീലക്കുട്ടി കണ്ട കാഴ്ചകൾ എന്തൊക്കെയാണ്? വായിച്ചവതരിപ്പിക്കൂ.
- നീലക്കുട്ടി മനസ്സിലാക്കിയ രഹസ്യം മറ്റാരോടും പറയാതിരുന്നത് എന്തുകൊണ്ടാവാം?
- കഥയിലെ സംഭവങ്ങളോരോന്നും നിങ്ങളുടെ ഭാഷയിൽ ക്ലാസിൽ ചുരുക്കി അവതരിപ്പിക്കൂ.
- കഥയിലെ കുട്ടികളുടെയും മുതിർന്നവരുടെയും സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്താമോ?

"മഞ്ഞപ്പന്ത് ഉരുണ്ട് വരുകയാണ്",

"മഞ്ഞപ്പന്ത് ഉരുണ്ടുരുണ്ട് വരുകയാണ്"

-രണ്ടാമത്തെ വാക്യം വായിക്കുമ്പോഴും കേൾക്കുമ്പോഴും മനസ്സിൽ കൂടുതലായി എന്തു ചിത്രമാണ് തെളിയുന്നത്?

ഇതുപോലുള്ള കൂടുതൽ വാക്യങ്ങൾ എഴുതൂ.

'തൊപ്പിവച്ച കാട്ടുകോഴികൾ' -കോഴിക്ക് നൽകിയ വിശേഷണങ്ങൾ നോക്കൂ.

* കോഴി, കാട്ടുകോഴി, തൊപ്പിവച്ച കാട്ടുകോഴി

ഇത്തരത്തിൽ വിശേഷണങ്ങൾ ചേർന്ന മറ്റു പദങ്ങൾ കണ്ടെത്തുക. കഥയിൽ നിന്ന് കണ്ടെത്താവുന്ന മറ്റെന്തൊക്കെ പദങ്ങൾക്ക് വിശേഷണങ്ങൾ നൽകാം?

വേറെ വേറെ നിറങ്ങളുള്ള ആ കുട്ടികൾ ഒന്നിച്ചു ചേരുമ്പോൾ മഴവില്ലിന്റെ ഭംഗി സൃഷ്ടിക്കപ്പെടുന്നു. എന്തു സന്ദേശമാണ് 'മഴവില്ല് വരയ്ക്കുന്നവർ' എന്ന കഥ നൽകുന്നത്? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കൂ.

കഥയിലെ ചില രംഗങ്ങളുടെ ചിത്രങ്ങൾ വരയ്ക്കൂ.
അവയ്ക്കു നിറം നൽകിനോക്കൂ.

ചിത്രങ്ങളുടെ ഒരു പ്രദർശനവും നടത്താം.

# വിഷുക്കണി



ഓ! ഇന്ന് വിഷുവാണ്. എന്റെ 'പടക്കം' എന്ന ചെറുകഥയിലെ കുട്ടി ഞാൻ തന്നെയാണ്. കുട്ടിക്കാലത്ത് പടക്കമെന്ന് പറയുന്നത് വളരെ അപൂർവമാണ്. അന്ന് യുദ്ധമൊക്കെയാണ്. കോഴിക്കോട് പോലെയുള്ള നഗരങ്ങളിൽ മാത്രമേ പടക്കം കിട്ടുകയുള്ളൂ. അവയ്ക്കു വലിയ വിലയുമാണ്. എന്റെ വലിയമ്മയുടെ മകൻ കോഴിക്കോട്ടുനിന്നും വരുമ്പോൾ ധാരാളം പടക്കം കൊണ്ടുവരും. ഞങ്ങൾ കുട്ടികൾ ചില സൂത്രങ്ങൾ കണ്ടുപിടിച്ചു. തീപ്പെട്ടിയിൽനിന്ന് മരുന്നെടുത്ത് താക്കോലിന്റെ ദ്വാരത്തിനുള്ളിൽ വച്ചിട്ട് ഒരാണി ഉപയോഗിച്ച് വെടിപൊട്ടിക്കുന്ന ഒരു ഏർപ്പാടുണ്ടായിരുന്നു. എല്ലാ വീടുകളിലും പടക്കം പൊട്ടിക്കുമ്പോൾ ഞങ്ങളുടെ വീടുകളിലും ഇങ്ങനെ പടക്കം പൊട്ടിയിരുന്നു.



കഥയിൽ പറയുന്നു, ഭഗവതിയുടെ കാശെടുത്തു എന്നും മറ്റും. അതൊന്നും ഞാൻ ചെയ്തിട്ടില്ല. പഴയ ഒരു പാരമ്പര്യത്തിൽ ധാരാളം കൃഷിയും മറ്റുമുള്ള കുടുംബമായിരുന്നു ഞങ്ങളുടേത്. എന്റെ

ബാല്യമായപ്പോൾ വസ്തുവകകളുടെ ഭാഗമൊക്കെ കഴിഞ്ഞിരുന്നു. അച്ഛൻ സിലോണിലായിരുന്നു. അവിടന്ന് അയച്ചുതരുന്ന ചെറിയ തുകകൊണ്ട് വേണം എല്ലാവർക്കും കഴിയാൻ. ഞങ്ങൾ അമ്മയും നാലു മക്കളും, ചെറിയമ്മയും കുട്ടികളും. അതിൽ ചിലരൊക്കെ പഠിച്ചിരുന്നു. അങ്ങനെ വളരെ പരിമിതമായിരുന്നു വീട്ടിലെ കാര്യങ്ങൾ. അതുകൊണ്ടാണ് വിഷുക്കാലത്ത് പടക്കത്തിനൊരു പരിഗണനയും വീട്ടിലില്ലാതിരുന്നത്.

അമ്മയെ സംബന്ധിച്ചിടത്തോളം പ്രധാനം വീട്ടിൽ കുട്ടികൾക്ക് ഭക്ഷണം നേരത്ത് എത്തിച്ചുകൊടുക്കുക എന്നുള്ളതായിരുന്നു. അതിനിടയിൽ രണ്ട് ഉറുപ്പികയുടെ പടക്കം വാങ്ങിക്കുക എന്നു പറഞ്ഞാൽ വളരെ പ്രയാസമാണ്. ഒരുപക്ഷേ, ഈ പ്രയാസങ്ങളുടെ ഇടയിൽ എപ്പോഴെങ്കിലും അമ്മ ഓർത്തിരിക്കാം, ഇതൊന്നും എന്റെ കുട്ടികൾ അറിയണ്ട എന്ന്. കുട്ടികൾക്ക് ആഹാരം തികയുന്നില്ല എന്ന് അമ്മയ്ക്ക് അറിയാമായിരുന്നു. ചോറു വിളമ്പിക്കഴിഞ്ഞ്, കുറച്ചേയുള്ളൂ; വയറുനിറഞ്ഞോ എന്നൊക്കെ ചോദിച്ചിട്ടുണ്ട്. അമ്മയുടെ ഒരുതരം നിസ്സഹായത അവിടെ ഉണ്ടായിരുന്നു. അതാരോടും പറയില്ല. ആരോടും പറഞ്ഞിട്ട് കാര്യവുമില്ല.

'പിറന്നാളിന്റെ ഓർമ്മ'യിൽ ഞാനത് എഴുതിയിട്ടുണ്ട്. ഇവനൊരു ചെറിയ കുട്ടിയല്ലേ, ഇവന്റെ പിറന്നാളിന് ഒരു സദ്യ വേണം എന്നൊന്നും അമ്മ ആലോചിച്ചിട്ടില്ല. അത്രയ്ക്ക് പ്രാരബ്ധങ്ങളുമായി കഴിഞ്ഞിരുന്ന ആളായിരുന്നു. അതുകൊണ്ട് എന്റെ കുട്ടിക്ക് പിറന്നാളില്ല, എന്റെ മകന് ഒരു വിഷുക്കൈനീട്ടം കൊടുത്തില്ല

എന്നൊന്നും ആലോചിച്ചിട്ടുണ്ടാവില്ല.

എന്റെ കുട്ടിക്കാലത്ത്, വിഷുവിന്റെ സങ്കൽപ്പമനുസരിച്ച് കൈനീട്ടം കൊടുക്കുക, കണിവയ്ക്കുക - ഇതൊക്കെ വളരെ അപൂർവമായിരുന്നു. ഒരു നിലവിളക്ക് മാത്രം. അത്രയ്ക്ക് ബുദ്ധിമുട്ടായിരുന്നു. മുതിർന്ന തിനുശേഷം അടുത്ത തലമുറ വന്നപ്പോൾ കണിവച്ചു എന്നല്ലാതെ സമ്പൂർണ വിഷുക്കണി ഉണ്ടായിരുന്നില്ല. എനിക്കൊന്നും വിഷു കൈനീട്ടം തരാൻ ആരും ഉണ്ടായിരുന്നില്ല.

പ്രകൃതി ധാരാളം കണി തരുന്ന നാടാണ് എന്റേത്. അന്ന് പൂക്കളൊക്കെ ധാരാളമുണ്ടായിരുന്നു. പല വീടുകളിലേക്കും കൊന്നപ്പൂക്കൾ കൊണ്ടുപോയ്ക്കൊണ്ടിരുന്നത് ഞങ്ങളുടെ പറമ്പിൽനിന്നുമായിരുന്നു. അക്കാലത്തെ ജീവിതംതന്നെ പ്രകൃതിയുമായി വളരെ ഇണങ്ങിയ രീതിയിലായിരുന്നു.

അമ്മയോ ചെറിയമ്മയോ രാവിലെ തോട്ടത്തിലേക്ക് ഇറങ്ങിയാൽ അന്നത്തെ കറിക്കാവശ്യമായ ഒരു കായയോ അല്ലെങ്കിൽ ഇലകളോ അവിടെനിന്ന് സമാഹരിച്ചു കൊണ്ടുവരുമായിരുന്നു. അത്യാവശ്യത്തിനുള്ള മരുന്നുകളും നമ്മുടെ പറമ്പിലുണ്ടായിരുന്നു. എന്റെ മുത്തശ്ശിക്ക് മുറിവിന് ഒരു പ്രത്യേക ചികിത്സ ഉണ്ടായിരുന്നു. അത് 'മൂപ്പത്തി' ആർക്കും പറഞ്ഞുകൊടുത്തിട്ടില്ല. പുറത്തൊക്കെ പോയിട്ട് വരുന്ന ആർക്കെങ്കിലും കൈയിലോ കാലിലോ മുറിവു പറ്റിയിട്ടുണ്ടെങ്കിൽ എന്തോ ഒരില കൊണ്ടുവന്നിട്ട് ഞരടിയിട്ട് അതിന്റെ നീർ ഒഴിച്ചുകൊടുക്കും, മുറിവുണങ്ങാൻ വേണ്ടി.

ഞാൻ മുതിർന്നതിനുശേഷം നാട്ടിൽ പോകുമ്പോൾ മൂത്ത ജ്യേഷ്ഠൻ, എം.ടി. ഗോവിന്ദൻനായർ കൈനീട്ടം തന്നുകൊണ്ടാണ് പഴയ വഴക്കം തുടങ്ങിയത്. മറ്റു കുട്ടികൾക്ക് കൊടുക്കുമ്പോൾ അദ്ദേഹം എനിക്കും ഒരു വെള്ളിനാണയം തരും. ഞാനും ഒരു കുട്ടിയായി മാറും.

(കണ്ണാന്തളിപ്പൂക്കളുടെ കാലം) — എം.ടി. വാസുദേവൻനായർ

### വായിക്കാം കണ്ടെത്താം

- "ഇങ്ങനെ ഞങ്ങളുടെ വീടുകളിലും പടക്കം പൊട്ടിയിരുന്നു." പടക്കം പൊട്ടിക്കാനുള്ള ആഗ്രഹം എം.ടി. എങ്ങനെയാണ് നിറവേറ്റിയത്?
- അക്കാലത്തെ വിഷു ആഘോഷത്തിന്റെ എന്തെല്ലാം സൂചനകളാണ് പാഠഭാഗത്തുള്ളത്?
- കുട്ടിക്കാലത്ത് എം.ടി. അനുഭവിച്ച ദാരിദ്ര്യം എങ്ങനെയാണ് പാഠഭാഗത്ത് പ്രതിഫലിക്കുന്നത്?
- "അക്കാലത്തെ ജീവിതം തന്നെ പ്രകൃതിയുമായി വളരെ ഇണങ്ങിയ രീതിയിലായിരുന്നു."

  – പ്രകൃതി മനുഷ്യനു തുണയാകുന്ന ഏതെല്ലാം സന്ദർഭങ്ങളാണ് എം.ടി. ഓർമ്മിച്ചെടുക്കുന്നത്?

### കഥാവിശകലനം

- എം.ടി. യുടെ ചില കഥകളെക്കുറിച്ചുള്ള സൂചനകൾ പാഠഭാഗത്തുണ്ടല്ലോ.

അവ വായിച്ച് കഥാകാരന്റെ ജീവിതാനുഭവങ്ങൾ ചർച്ചചെയ്യൂ.

* കുട്ടിക്കാലത്തെ ആഗ്രഹങ്ങൾ
* വീട്ടിലെ സ്ഥിതിഗതികൾ

തുടങ്ങിയവ ചർച്ചയിൽ ഉൾപ്പെടുത്തുമല്ലോ.

### [illegible]

ഓണം, പെരുന്നാൾ, ക്രിസ്മസ് തുടങ്ങിയവ മുമ്പ് എങ്ങനെയൊക്കെയാണ് ആഘോഷിച്ചിരുന്നത്?

മുതിർന്നവരോട് ചോദിച്ചു മനസ്സിലാക്കി ക്ലാസിൽ പങ്കുവയ്ക്കൂ.



# എങ്ങുപോയി?

ചുണ്ടു വിടർത്തുന്ന പൂവിലെല്ലാം
വണ്ടിനു വേണ്ടും മധു നിറച്ചു

ദന്തങ്ങൾ പോയ്ക്കവിളൊട്ടിപ്പോയ
കുന്നിനു യൗവനകാന്തി നൽകി

ഓടിനടന്നു കളിച്ചു മന്നിൻ
വാടി പുതുക്കും വെയിൽനാളങ്ങൾ


പൊന്നിൻകസവുകൾ നെയ്തുതള്ളും
മഞ്ഞമുകിലിലൊളിഞ്ഞുനിന്നു

പച്ചിലക്കുമ്പിളിൽപ്പൂവറുത്തി-
ട്ടുത്രാടസന്ധ്യ തളർന്നു നിന്നു.

അന്തിവെട്ടത്തോടൊത്തെത്തി ഞാനു-
മന്നത്തെയോണം നുകർന്ന നാട്ടിൽ

പോരിൻ പഴങ്കഥപ്പാട്ടു പാടി
പേരാറലകൾ കളിക്കും നാട്ടിൽ,

കൈതമലർമ്മണം തേവി നിൽക്കും
തൈത്തെന്നൽ തോഴനായ് വാണനാട്ടിൽ,



അൻപിൻ പൂപ്പുഞ്ചിരിപ്പോറ്റിപ്പോരും
തുമ്പകൾ മാടിവിളിക്കും നാട്ടിൽ,

പച്ചിലക്കാടിൻ കടവു താണ്ടി-
പ്പൈങ്കിളിപ്പാട്ടു വിതയ്ക്കും നാട്ടിൽ

കാവിൻ നടകളിലാണ്ടുതോറും
വേലപൂരങ്ങൾ നിരക്കും നാട്ടിൽ

സത്യസംസ്കാരത്തിടമ്പിൻ മുമ്പിൽ
വച്ച കെടാവിളക്കെങ്ങുപോയി?

നാടിൻമുഖത്തെപ്പരിവേഷങ്ങൾ
ചൂഴുമഴകൊളിയെങ്ങുപോയി?

(കവിയെവിടെ) - പി. കുഞ്ഞിരാമൻനായർ

- അന്തിവെട്ടത്തോടൊത്തെത്തി അന്നത്തെ ഓണം നുകർന്ന കവി തന്റെ നാടിനെ എങ്ങനെയാണ് വിശേഷിപ്പിക്കുന്നത്?

- നാടിന്റെ അഴകൊളിക്ക് ഉദാഹരണമായി കവിതയിൽ തെളിഞ്ഞു നിൽക്കുന്നതെന്തൊക്കെയാണ്?

- കവിത സംഘങ്ങളായി ക്ലാസിൽ ചൊല്ലി അവതരിപ്പിക്കുക. ഏതൊക്കെ വരികളാണ് നിങ്ങൾക്ക് കൂടുതലായി ഇഷ്ടപ്പെട്ടത്? എന്തുകൊണ്ടെന്നുകൂടി പറയുമല്ലോ.

- "പൂവിലെല്ലാം വണ്ടിനു വേണ്ടും മധു നിറച്ചു" - പ്രകൃതിയിൽ മറ്റെന്തെല്ലാം ഭാവങ്ങളാണ് കാണുന്നത്? കവിത പരിശോധിച്ച് കണ്ടെത്തുക.

"ദന്തങ്ങൾ പോയ്ക്കവിളൊട്ടിപ്പോയ കുന്ന്" -

കുന്നിന്റെ ഏത് അവസ്ഥയാണ് കവി സൂചിപ്പിക്കുന്നത്?

"പോരിൻ പഴങ്കഥപ്പാട്ടുപാടി
പേരാറലകൾ കളിക്കും നാട്ടിൽ"

കവി സൂചിപ്പിച്ച 'പോരിൻ പഴങ്കഥ' ഏതാണെന്ന് അന്വേഷിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

"ചുണ്ടു വിടർത്തുന്ന പൂവിലെല്ലാം
വണ്ടിനു വേണ്ടും മധുനിറച്ചു"

അടിവരയിട്ട അക്ഷരങ്ങൾ ശ്രദ്ധിക്കുക. എന്തു പ്രത്യേകതകളാണ് വരികളിൽ കാണാനാവുന്നത്? മറ്റുദാഹരണങ്ങൾകൂടി കണ്ടെത്തൂ.

ഭംഗി എന്നതിന് കവി ഉപയോഗിച്ച ചില പദങ്ങൾ നോക്കൂ:

കാന്തി , അഴക് - സമാനാർഥമുള്ള പദങ്ങൾ കണ്ടെത്താം.

- കിളി : ............................................ , ............................................
- മേഘം : ............................................ , ............................................
- കാട് : ............................................ , ............................................
- പൂവ് : ............................................ , ............................................

പ്രകൃതി മനുഷ്യനോടു കാണിക്കുന്ന സ്നേഹത്തിന്റെയും മനുഷ്യൻ പ്രകൃതിയോടു ചെയ്യുന്ന ക്രൂരതയുടെയും കാഴ്ചയാണ് ഈ മൂന്നു പാഠഭാഗങ്ങളിലും തെളിയുന്നത്. ഇത് വിലയിരുത്തി പ്രകൃതി മനുഷ്യനു നൽകുന്ന മഹാസൗഭാഗ്യങ്ങളെക്കുറിച്ച് ചർച്ചചെയ്ത് ഉപന്യാസം തയാറാക്കുക.

## ഞാൻ എന്നെക്കുറിച്ച്

ഇവയിൽ ഏതൊക്കെ കാര്യങ്ങളിലാണ് നിങ്ങളുടെ മികവുകൾ എന്നത് '✓' ഈ ചിഹ്നം ഉപയോഗിച്ചും കൂടുതൽ മെച്ചപ്പെടുത്തേണ്ടത് '+' ചിഹ്നം ഉപയോഗിച്ചും അടയാളപ്പെടുത്തുക.

- വായനയോടും എഴുത്തിനോടുമുള്ള എന്റെ താൽപ്പര്യം. ☐
- ഒരു രചനയെ അതിനിണങ്ങുംവിധം വായിച്ചവതരിപ്പിക്കൽ. ☐
- അപരിചിത പദങ്ങൾ, ശൈലികൾ, പ്രയോഗങ്ങൾ, സൂചിതകഥകൾ എന്നിവ റഫറൻസ് ഗ്രന്ഥങ്ങൾ പരിശോധിച്ച് കണ്ടെത്തൽ. ☐
- ആശയങ്ങളെ ബന്ധിപ്പിച്ച് ലഘുവാക്യങ്ങളിൽ എഴുതൽ. ☐
- ഒന്നിലധികം സ്രോതസ്സുകളിൽനിന്ന് വിവരങ്ങൾ ശേഖരിക്കാനും വിശകലനം ചെയ്ത് ആവശ്യമുള്ളവ പ്രയോഗിക്കാനും കഴിയൽ. ☐
- ഒരു രചനയെ ഉചിതമായ ചിഹ്നങ്ങൾ, ഖണ്ഡികാകരണം, ആശയക്രമീകരണം തുടങ്ങിയവ പാലിച്ച് മെച്ചപ്പെടുത്തൽ. ☐
- സന്ദർഭത്തിനനുസരിച്ച് ഉചിതമായ രചനാരീതി തിരഞ്ഞെടുക്കാനുള്ള കഴിവ്. ☐
- മറ്റുള്ളവരുടെ ആശയങ്ങളും വാദങ്ങളും മനസ്സിലാക്കി ആവശ്യമുള്ളത് തിരഞ്ഞെടുത്ത് സ്വന്തം ആശയങ്ങളുമായി ചേർത്തുവയ്ക്കൽ. ☐

### പദപരിചയം

**അന്നം - ചോറ്, ആഹാരം**

**അൻപ് - സ്നേഹം, ദയ**

**അല - ഓളം**

**കാന്തി - ഭംഗി,ശോഭ**

**ചതുപ്പ് - ചെളികെട്ടിയ സ്ഥലം**

**ചൂഴുക - ചുറ്റും കാണപ്പെടുക**

**തക്കം നോക്കുക - അവസരം കാത്തിരിക്കുക**

**തിടമ്പ് - എഴുന്നള്ളത്തിനുള്ള വിഗ്രഹം, ബിംബം**

**ദന്തം - പല്ല്**

**നിലാവല - നിലാവിന്റെ ഓളം**

**നിറഭേദം - നിറവ്യത്യാസം**

**പ്രാരബ്ധം - കഷ്ടപ്പാട്**

**മന്നിൻ - ഭൂമിയുടെ**

**മധു - തേൻ**

**മുകിൽ - മേഘം**

**വഴക്കം - ആചാരം, പൂർവാചാരം**

**വാടി - പൂന്തോട്ടം**

# കുട്ടികളുടെ അവകാശങ്ങൾ

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠപാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, അനെക്സ് ബിൽഡിംഗ്,
പൂജപ്പുര, തിരുവനന്തപുരം - 12, ഫോൺ: 0471 - 2346602, 2346603
ഇ-മെയിൽ: *keralachildrights@gmail.com*

**ചൈൽഡ് ഹെൽപ്പ്ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ - 1800 425 1400**
**കേരള പോലീസ് ഹെൽപ്പ് ലൈൻ - 0471 - 3243000/44000/45000**



Ammu
National Games, Kerala 2014

**State Council of Educational Research & Training (SCERT)**
Vidyabhavan, Poojappura, Thiruvananthapuram,
Kerala - 695 012 Website www.scert.kerala.gov.in
e-mail scertkerala@gmail.com

Printed by the Managing Director
**Kerala Books and Publications Society**
(An Undertaking of the Government of Kerala)
Kakkanad, Kochi-682 030